darsana

OCTOBER 2020

# THE EYE



COVER STORY

## നവലിബറലിസത്തിന്റെ ഇന്ത്യൻ മുഖം



THE EYE

OCTOBER 2020

# മുഖക്കുറിപ്പ്

പ്രിയപ്പെട്ടവരേ,

ഒക്ടോബർ മാസം തുടങ്ങുന്നത് ഗാന്ധിസ്മരണകളോടെയാണ്. പ്രകൃതിയോട് സമരസപ്പെട്ടുകൊണ്ടുള്ള സുസ്ഥിരവികസന സങ്കല്പങ്ങളിലും കർഷകകേന്ദ്രീകൃതമായ വിപണിയിലും കായികാദ്ധ്വാനത്തിന്റെ മൂല്യത്തിലും ഊന്നിയ ഗാന്ധിയൻ സങ്കല്പങ്ങളിലെ ഗ്രാമസ്വരാജിനെക്കുറിച്ച് നമുക്കറിയാം.

രാഷ്ട്രപിതാവിന്റെ ആ സ്വപ്നങ്ങളെല്ലാം പാടേ തകർക്കപ്പെടുന്ന നിയമനിർമ്മാണങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ നടന്നിട്ടുള്ളത്. കാർഷികരംഗത്തിന്റെ കോർപ്പറേറ്റീകരണത്തിന് ആക്കം കൂട്ടുന്ന കാർഷിക ബിൽ, തൊഴിലാളികളുടെ അദ്ധ്വാനശേഷിയെ നിരുപാധികമായ ചൂഷണത്തിന് വിധേയമാക്കാൻ അനുവാദം കൊടുക്കുന്ന തൊഴിൽനിയമ ഭേദഗതികൾ, പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിന് വഴിയൊരുക്കും വിധം പരിസ്ഥിതി ആഘാത പഠനത്തിലും നിബന്ധനകളിലും വരുത്താൻ ശ്രമിച്ച ഭേദഗതികൾ എന്നിവയെല്ലാം വിരൽ ചൂണ്ടുന്നത് രാജ്യത്തിന്റെ ഭാവിയെ ഗുരുതരമായി ബാധിക്കുന്ന നയപരമായ വ്യതിചലനങ്ങളെയാണ്. അംബാനിയുടേയും അദാനിയുടേയും ബഹുനിലമന്ദിരങ്ങളാണ് ഇന്ത്യയുടെ ആകാശം കയ്യടക്കിയിരിക്കുന്നത്. ദരിദ്രരായ കർഷകരുടെ ചെരുപ്പിടാത്ത ജീവിതം ചുട്ടുപൊള്ളും വിധം വിണ്ടുകീറിയിരിക്കുകയാണ് ഇന്ത്യയുടെ മണ്ണ്.

പ്രകൃതിയും മനുഷ്യനും ഒരുപോലെ വിപണിക്ക് കീഴ്പെട്ടു കഴിയുന്ന ഈ കാലവും നമുക്ക് അതിജീവിക്കേണ്ടതുണ്ട്. നമ്മൾ അതിജീവിക്കും...തീർച്ച..!

പ്രതീക്ഷകളോടെ

**പത്രാധിപസമിതി**



THE EYE

OCTOBER 2020

# INDEX

## ലേഖനങ്ങൾ


**നവലിബറലിസത്തിന്റെ ഇന്ത്യൻ മുഖം** 4
*അജിത് ബാലകൃഷ്ണൻ*

**Media Manipulation** 31
*Advait S Pittan*


## ഓർമ്മ


**നായന്മാരും മൗലൂദും** 20
*കബീർ.ടി*


## കഥ


**ഉമ്മ പറഞ്ഞ കഥ** 44
*മുഹമ്മദ് അഷറഫ്*

**The Gift** 57
*Neeraj Giri*


## കവിത


**വിഭജനം** 19
*ഗീത മുന്നൂർക്കോട്*

**ദുബായി** 42
*രാജൻ അഴീക്കോടൻ*

**Dear Uncertainity** 43
*Danish Damodaran*

**A note from Color** 47
*Ajith Prasad*


## വായന


**ത്യാഗത്തിന്റെ രൂപങ്ങൾ** 25
*മണികണ്ഠൻ. എം.പി*


## സിനിമ


**ഒലക്ക വീണ ചത്ത കോയീന്റെ ചാറ്** 50
*ഒമർ ഷെരീഫ്*


## കായികം


**സൗന്ദര്യത്തെ ഉപാസിച്ച ടീം** 35
*അജിത് പി ആച്ചാണ്ടി*


## യാത്ര


**അഗുംബെ** 38
*പ്രകാശൻ അളോക്കൻ*


## കലാസൃഷ്ടികൾ


**Painting** 24
*Archana G Krishnan*

**Photographs** 48
*Ajith Prasad*

**Painting** 49
*Gokul Madhu*

**Cartoons** 60
*Sandeep Ravindranath*

**Pencil Sketch** 61
*Karthik Menon*


**മുഖചിത്രം**

*ഇന്ത്യൻ വൈരുദ്ധ്യങ്ങളുടെ ഒരു നേർച്ചിത്രം*

സർക്കാർ അനുവർത്തിച്ചുപോരുന്ന
കോർപ്പറേറ്റ് പ്രീണനങ്ങളുടെ ഗുണഫലങ്ങൾ
ധാരാളമായി അനുഭവിച്ചുപോരുന്ന
മുകേഷ് അംബാനിയുടെ
മുംബൈ വസതിയായ ആന്റിലിയയുടെ
നഗരമദ്ധ്യത്തിലെ ദൃശ്യം

മറുവശത്ത് ജപ്തിനോട്ടീസും കടക്കെണികളും
വരൾച്ചയും ദുരിതവും പേറുന്ന,
പ്രകൃതി തരുന്ന സബ്സിഡികൾ മാത്രം
കാത്തുകഴിയുന്ന,
കോർപ്പറേറ്റുകൾക്ക് പൂർണമായും കീഴടങ്ങാൻ
വിധിക്കപ്പെട്ട ഗ്രാമീണകർഷകൻ





# നവലിബറലിസത്തിന്റെ ഇന്ത്യൻ മുഖം

*അജിത് ബാലകൃഷ്ണൻ 1989 EEE*

നിർമ്മാണത്തിലിരിക്കുന്ന പടുകൂറ്റൻ കെട്ടിടങ്ങൾക്കു മുകളിലൂടെ പതുക്കെ നീങ്ങുന്ന ഊക്കൻ ക്രെയിനുകൾ മനുഷ്യൻറ അജയ്യതയെ ഓർമ്മിപ്പിക്കുന്നു എന്നു പറഞ്ഞ ഒരു സഹപ്രവർത്തകനുണ്ടായിരുന്നു. പക്ഷെ, ഏതോ ആഭിചാരപ്രക്രിയയിൽ ഏർപ്പെടുന്ന ഭീകരരൂപികളാണ് അത്തരം ക്രെയിനുകൾ എന്നാണ് എനിക്കെന്തോ തോന്നാറുള്ളത്. ആകാശം കൽക്കരി കത്തിത്തീരുംപോലെ ചുകന്നിരുളുന്ന സമയത്ത് അവ നിഴൽരൂപങ്ങളായി മാറുമ്പോൾ പ്രത്യേകിച്ചും. പലപ്പോഴും ആ നിഴലുകൾക്ക് മുകളിലൂടെ ഇനിയും പണിദിവസം അവസാനിച്ചിട്ടില്ലാത്ത തൊഴിലാളികളുടെ കറുത്ത നന്നേ ചെറിയ നിഴലുകൾ അനങ്ങുന്നത് കാണാനാകും. ഉറുമ്പുകൾ അരിച്ചു നീങ്ങുന്നത് പോലെ.

ആ ഉറുമ്പുകൾ നിലത്തിറങ്ങുമ്പോൾ അവർ മനുഷ്യരൂപമാർജ്ജിക്കും. പൊടിയും



സിമന്റും വിയർപ്പും ചേർന്നൊട്ടി ചപ്രച്ച തലമുടിയും കുഴിഞ്ഞ കണ്ണുകളും മുഷിഞ്ഞ വേഷങ്ങളുമായി അവർ തെരുവുകളിൽ നിറയും. പച്ചക്കറിമാർക്കറ്റിലും ഇറച്ചിക്കടകളിലും മദ്യശാലകളിലും കവിഞ്ഞൊഴുകി നഗരങ്ങളുടെ പിന്നാമ്പുറങ്ങളിലെ കൂരകളിലടിയും.

നഗരമേതായാലും ആ വാസസ്ഥലങ്ങളെല്ലാം ഒരു പോലെയാണ്. അതാത് നാട്ടുകളിലെ ഭാഷകൾക്കനുസരിച്ച് പേരുകൾ മാറുമെന്നേയുള്ളൂ. ജുഗ്ഗികൾ, ചേരികൾ, ഝോപട്പട്ടികൾ, എന്നിങ്ങനെ. മനുഷ്യന് നിന്നുതിരിയാനിടമില്ലാത്ത കൂരകൾ. ഈച്ചയും കൊതുകുമാർക്കുന്ന മാല്യന്യക്കൂമ്പാരങ്ങൾക്കും ദുർഗന്ധം വമിക്കുന്ന ഓടകൾക്കുമിടയിലൂടെയുള്ള ഇടുങ്ങിയ ഗലികൾ. അംബരചുംബികളുടെ നഗരത്തിന്റെ അപരസ്വത്വമാണ് മുഖവും പേരുമില്ലാത്ത ജീവിതങ്ങളുടെ ഈ നഗരം - തോട്ടികളുടെ, തൂപ്പുകാരുടെ, വീട്ട് വേലക്കാരുടെ, കൂലിപ്പണിക്കാരുടെ അദൃശ്യനഗരം.


ആ കൂട്ടുകാരനോട് ഈ ഉറുമ്പുജീവിതങ്ങളെക്കുറിച്ച് ഒരിക്കൽ സംസാരിക്കാൻ ശ്രമിച്ചിരുന്നു. അതിജീവനത്തിന് ഇങ്ങനെയെങ്കിലും അവസരങ്ങൾ ഉണ്ടാകുന്നു എന്നതിൽ ആ മനുഷ്യർ കൃതാർത്ഥർ ആവുകയല്ലേ വേണ്ടത് എന്ന മറുചോദ്യമായിരുന്നു ഉത്തരം. ഒന്നോർത്താൽ ആ മറുപടി അപ്രതീക്ഷിതമായിരുന്നില്ല. മറച്ചുവെക്കപ്പെട്ട, വികലീകരിക്കപ്പെട്ട, അതുമല്ലെങ്കിൽ തലകീഴായി നിർത്തപ്പെട്ട യാഥാർത്ഥ്യങ്ങളാണല്ലോ നമ്മുടെ പൊതുബോധത്തെ നിർണ്ണയിക്കുന്നത്. പ്രത്യേകി ച്ചും ഇന്ത്യയിൽ.

വികസിത മുതലാളിത്ത രാജ്യങ്ങളിലടക്കം, ലോകത്ത് മറ്റ് പലയിടങ്ങളിലും



**What a difference!**

The richest 1 percent of people in the world receive nearly 14 percent of Global income while the poorest 20 percent receive just over 1 percent (percent of global income)




Sources: World Income Distribution database
Note: Data are for 2005

വർധിച്ചുവരുന്ന സാമ്പത്തിക അസമത്വവും തൊഴിലില്ലായ്മയും ദാരിദ്ര്യവുമൊക്കെ ഇപ്പോൾ വലിയ ചർച്ചാവിഷയങ്ങളാകുന്നുണ്ട്. ചിലപ്പോഴെങ്കിലും ആ ചർച്ചകൾ നിശിതമായ വ്യവസ്ഥാവിമർശനമായി പരിണമിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ചില അപവാദങ്ങൾ ഒഴിച്ചു നിർത്തിയാൽ നമ്മുടെ പൊതുമണ്ഡലത്തിൽ നിന്ന് അങ്ങിനെയുള്ള ചർച്ചകൾ തീരെ അപ്രത്യക്ഷമാകുകയാണ്.

പരാജയപ്പെട്ടവരുടെ ലോകത്തെ മറച്ചു വെക്കുന്ന ജയിച്ചവരുടെ ലോകത്തെ കാണാനാണ് പൊതുവേ നമുക്കിഷ്ടം. ചേരിപ്രദേശങ്ങളെ മറച്ചു പിടിക്കുന്ന ആന്റിലിയ, മുകേഷ് അംബാനിയുടെ 27 നില വീട്, നമ്മുടെ മധ്യവർഗ മനസ്സുകൾക്ക്, ഒരു സുരക്ഷിതബോധം നൽകുന്നുണ്ട്. പക്ഷെ, പ്രധാനമന്ത്രി ലോക്ക്ഡൌൺ പ്രഖ്യാപിച്ചതിന് ശേഷമുള്ള ഇക്കഴിഞ്ഞ ആറു മാസങ്ങൾ ഈ സുരക്ഷിതബോധത്തിന് ഇടിവ് തട്ടിച്ചിരിക്കുന്നു എന്ന് ചിലരെങ്കിലും പറഞ്ഞു കേൾക്കുന്നുണ്ട്. എനിക്കുറപ്പില്ല. ഒരു നിശ്ചലദൃശ്യം കാണുന്ന പ്രതീതിയാണ് ഈ ആറു മാസങ്ങളോർക്കുമ്പോൾ മനസിലുണ്ടാകുന്നത്. എന്നാലും, ഒരുപാട് മാറ്റങ്ങൾ നിശബ്ദമായി നടന്ന ഒരു ദശാസന്ധിയായിട്ടായിരിക്കും ഭാവിയിലെ ചരിത്രം ഈ കാലത്തെ രേഖപ്പെടുത്തുക എന്നുറപ്പാണ്.



## അടച്ചിരിപ്പുകാലം ചെയ്തത്



കോവിഡ് ബാധിതരുടെ എണ്ണം 500 കടന്ന വേളയിലാണ് മഹാ മാരിക്ക് തടയിടാനായി ജനതാ കർഫ്യൂ ആചരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്യുന്നത്. ഒരു ലക്ഷത്തിൽപരം മരണങ്ങൾക്കും, 70 ലക്ഷത്തോളം രോഗബാധിതർക്കുമിപ്പുറം നിന്നു നോക്കുമ്പോൾ ആ സംഖ്യ തീരെ ചെറുതായി തോന്നുന്നുണ്ട്! അതെന്തായാലും, മാർച്ച് മാസത്തിലെ ഒരു ഞായറാഴ്ച നടത്തപ്പെട്ട ആ 14 മണിക്കൂർ കർഫ്യൂ മാസങ്ങളോളം നീളുന്ന ഒരു അടച്ചിരുപ്പിന്റെ ഡ്രസ്സ് റിഹേഴ്സൽ ആയിരുന്നുവെന്ന് അന്ന് അധികമാരും ചിന്തിച്ചിട്ടുണ്ടാകില്ല.

രണ്ടു ദിവസങ്ങൾക്ക് ശേഷം മാർച്ച് 24 ന്, പ്രധാനമന്ത്രി വീണ്ടും രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ സംഭവിച്ചത് അതായിരുന്നു. അന്ന് അർധരാത്രി തൊട്ട് 21 ദിവസത്തേക്ക് സമ്പൂർണ ലോക്ക്ഡൌൺ മോദി പ്രഖ്യാപിച്ചു. നോട്ട് ബന്ദിയെ അനുസ്മരിപ്പിച്ച ആ പ്രസംഗം.

അങ്ങിനെ സൂക്ഷ്മജീവികളുടെ സംഘടിതകലാപത്തെ നേരിടാൻ സമ്പൂർണ അടച്ചിരിപ്പിന് ഒരുങ്ങുന്ന ആദ്യ രാജ്യമായി ഇന്ത്യ. തൊഴിലിടങ്ങളും വിദ്യാലയങ്ങളും മാർക്കറ്റുകളും നിശ്ചലമായി. തെരുവുകളിൽ നിന്ന് വാഹനങ്ങളൊഴിഞ്ഞു. നിർമാണ പ്രവർത്തനങ്ങൾ നിലച്ചു. ക്രൈയിമുകളും. അതോടോപ്പം വേറൊന്നു കൂടി സംഭവിച്ചു. അടച്ചിരിപ്പ് മറഞ്ഞുകിടന്നിരുന്ന അദൃശ്യനഗരങ്ങളിലെ മനുഷ്യരെ പുറത്തേക്ക് തള്ളി. ആ മനുഷ്യർ തെരുവുകളിൽ നിറഞ്ഞു. സ്വന്തം ഗ്രാമങ്ങളിലേക്ക് ആയിരക്കണക്കിന് കിലോമീറ്ററുകൾ കാൽനടയായും സൈക്കിളിലുമൊക്കെയായി താണ്ടുന്ന അനേകായിരങ്ങളുടെ ദൃശ്യങ്ങൾ സ്വീകരണമുറികളെ തെല്ലൊന്ന് അസ്വസ്ഥമാക്കി.



വിഭജനകാലത്തിന് ശേഷം ഇന്ത്യ കണ്ട ഏറ്റവും വലിയ മനുഷ്യരുടെ പലായനമായിരുന്നു അത്. നിത്യജീവിത വ്യവഹാരങ്ങൾ രാജ്യമാനം നിർത്താൻ നിർബന്ധിതരാകുമ്പോൾ നമ്മുടെ നാട്ടിലെ സാധാരണ മനുഷ്യരുടെ ജീവിതത്തിന് എന്ത് സംഭവിച്ചേക്കുമെന്നറിയാൻ വലിയ പ്രയാസങ്ങളൊന്നുമില്ല.

ആഴത്തിലുള്ള വിശകലനങ്ങളൊന്നും കൂടാതെ വായിച്ചെടുക്കാവുന്ന സ്ഥിതിവിവരക്കണക്കുകൾ നോക്കിയാൽ മതി. എനിക്ക് ഇന്നും മനസ്സിലാകാത്ത ഒരു കാര്യം, എന്നിട്ടും എന്തുകൊണ്ടാണ് അധികാരികൾക്ക് ഈ ദുരന്തത്തെ മുൻകൂട്ടി കാണാനാകാഞ്ഞത് എന്നതാണ്. അതല്ല, മുൻകൂട്ടി അറിഞ്ഞിട്ടും അക്കാര്യം അവഗണിച്ചതാണെങ്കിൽ അതുകൊണ്ട് എന്ത് നേട്ടമാണ് ഉണ്ടായത്?

ഈ കണക്കുകൾ നോക്കുക: കേന്ദ്ര സർക്കാരിൻറെ ഏറ്റവും അവസാനത്തെ സാമ്പത്തിക സർവ്വേ പ്രകാരം ഇന്നാട്ടിലെ തൊഴിലെടുക്കുന്നവരിൽ 80.8% പേര് അസംഘടിത മേഖലയിലാണ് ജോലി ചെയ്യുന്നത്. ഏകദേശം 38 കോടി മനുഷ്യർ. അനൗപചാരിക തൊഴിലുകൾ അഥവാ കൂലിവേലകൾ ചെയ്യുന്നവരുടെ എണ്ണം എടുക്കുകയാണെങ്കിൽ അത് 90% ആണ് (42.43 കോടി). ഇനി വേറൊരു കണക്ക്. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയുടെ ജനസംഖ്യയുടെ 37% പേർ (45.7 കോടി) ജോലിക്കോ വിദ്യാഭ്യാസത്തിനോ വേണ്ടി സ്വന്തം നാടു വിട്ട ആഭ്യന്തരകുടിയേറ്റക്കാരാണ്. വീട്ടിനകത്ത് അടച്ചിരുന്ന് ജീവിക്കാൻ ഒക്കാത്തവരാണ് ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷവും എന്ന് ചുരുക്കം.

സാമ്പത്തിക മേഖലയിൽ നവലിബറൽ ഉദാരവൽക്കരണം നടപ്പിൽവന്ന 1990 കൾ മുതലാണ് കുടിയേറ്റക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർധന ഉണ്ടാകുന്നത്. കാർഷികപ്രതിസന്ധിയും വികസനത്തിൻറെ പേരിലുള്ള തീവെട്ടിക്കൊള്ളയും പുതിയ



തൊഴിലവസരങ്ങളുടെ അഭാവവും കുടിയൊഴിക്കപ്പെട്ടവരുടെ (dispossessed) എണ്ണം ക്രമാതീതമായി വർധിപ്പിച്ചു. ലോക്ക്ഡൌൺ കാലത്ത് കണ്ടത് ഈ ആഭ്യന്തര 'അഭയാർത്ഥി' പ്രവാഹത്തിന്റെ തിരിച്ചൊഴുക്കായിരുന്നു. പ്രതീക്ഷയറ്റ മടക്കയാത്ര.


ദേശാടകരായ അസംഘടിത തൊഴിലാളികളെ മാത്രം ബാധിച്ച ഒന്നായിരുന്നു ലോക്ഡൗണിന്റെ തിക്തഫലങ്ങൾ എന്നല്ല. സംഘടിതമേഖലയിലേയും ലക്ഷക്കണക്കിന് തൊഴിലുകൾ ഇല്ലാതായി. ഒട്ടനവധി ചെറുകിട, ഇടത്തരം സംരംഭങ്ങൾ തകർന്നു. ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഇന്ത്യയുടെ ജിഡിപി കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 23.9% താഴേക്ക് പതിക്കുകയാണുണ്ടായത്. കഴിഞ്ഞ 40 വർഷത്തിനിടക്ക് ആദ്യമായാണ് ഇന്ത്യയുടെ സാമ്പത്തികരംഗം ഇത്രയും സങ്കോചിക്കുന്നത്. കോവിഡ്-19 ഏറ്റവും തീക്ഷ്ണമായി ബാധിച്ച സമ്പദ് വ്യവസ്ഥകളിലൊന്നായി ഇന്ത്യ.

**ആത്മനിർഭർ അഭിയാൻ**

കോവിഡിന് മുമ്പ് തന്നെ ഒരു വലിയ തകർച്ചയുടെ വക്കത്തായിരുന്നു സമ്പദ് വ്യവസ്ഥ. തകർന്നടിഞ്ഞ കാർഷികരംഗവും സാധാരണമനുഷ്യരുടെ ഉപഭോഗശേഷിയിലുണ്ടായ വലിയ ഇടിവുമൊക്കെ മോദിയുടെ രണ്ടാമൂഴത്തെ തുടക്കം തൊട്ടേ അസ്വസ്ഥമാക്കികൊണ്ടിരിക്കുകയായിരുന്നു. രാജ്യം സാമ്പത്തിക വളർച്ച നേടുമ്പോഴും തൊഴിലവസരങ്ങൾ കൂടുതലായുണ്ടാക്കുന്നില്ലെന്ന് മാത്രമല്ല, ഉള്ള തൊഴിലവസരങ്ങൾ പോലും ഇല്ലാതായി കൊണ്ടിരിക്കുന്ന സ്ഥിതിയിലേക്കാണ് ഇന്ത്യ പോയിക്കൊണ്ടിരുന്നത്. സമ്പത്ത് കുറച്ച് പേരുടെ കൈവശം കുമിഞ്ഞ് കൂടുന്നതിനപ്പുറം, നവലിബറൽ ഉദാരവൽക്കരണത്തിൻറെ പ്രണേതാക്കൾ അവകാശപ്പെടുന്നത് പോലെ സമ്പത്തിൻറെ താഴെതട്ടിലേക്കുള്ള കിനിഞ്ഞിറങ്ങൽ (trickle-down effect) ഉണ്ടായില്ല.




അതേപോലെ അത്യാസന്ന നിലയിലായിരുന്നു ധനകാര്യമേഖലയും. ഐഎൽ&എഫ്എസ്, യെസ് ബാങ്ക്, മഹാരാഷ്ട്ര സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ തകർച്ചയും അഴിമതിക്കഥകളും പുറത്തു കൊണ്ടുവന്നത് ആ സ്ഥാപനത്തിന്റെ നേതൃത്വങ്ങളുടെ കെടുകാര്യസ്ഥത മാത്രമല്ല, ധനകാര്യമേഖലയെ ഗ്രസിച്ചിരിക്കുന്ന




ഘടനാപരമായ പ്രതിസന്ധികൾ കൂടിയായിരുന്നു.

അങ്ങിനെ ഒരു വലിയ പതനത്തിന്റെ വക്കിലെത്തി നിന്നിരുന്ന സമ്പദ് വ്യവസ്ഥയെ അടികാണാക്കയത്തിലേക്ക് തള്ളിയിട്ടു കോവിഡ്. ഇങ്ങനെയൊരവസ്ഥയിൽ ജനങ്ങൾക്ക് അടിയന്തിരസഹായങ്ങൾ എത്തിക്കാനും അവരുടെ ഉപഭോഗശേഷി ഉയർത്തുന്നത് വഴി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനുമുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന പ്രതീക്ഷ യുക്തിസഹമായിരുന്നു. മെയ് 12ന് രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി 20 ലക്ഷം കോടി രൂപയുടെ സാമ്പത്തിക ഉത്തേജക പാക്കേജും രാജ്യത്തെ സ്വയംപര്യാപ്തമായ ഒരു സാമ്പത്തിക ശക്തിയായി വളർത്തിയെടുക്കാൻ ആത്മനിർഭർ അഭിയാനും പ്രഖ്യാപിച്ചപ്പോൾ ആ പ്രതീക്ഷ ഉയർന്നു.

എന്നാൽ, അഞ്ചു തവണകളായി ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ പുറത്തുവിട്ട ആത്മനിർഭർ അഭിയാനിന്റെ വിശദാംശങ്ങൾ ആ പ്രതീക്ഷ അസ്ഥാനത്തായിരുന്നു എന്ന് തെളിയിച്ചു. കഴിഞ്ഞ ഡിസംബറിൽ അവതരിപ്പിച്ച സാമ്പത്തിക സർവേയിലെ നയപരിപാടികൾ കോവിഡിനെ മറയാക്കി നടപ്പിലാക്കുന്നതിന്




*Cartoon : E P Unny*

സർക്കാർ കണ്ടെത്തിയ മാർഗമാണ് ഈ അഭിയാനെന്ന് വ്യക്തമായി. തിരുക്കുറലും കൗടില്യന്റെ അർത്ഥശാസ്ത്രവും ആഡംസ്മിത്തിൻറെ രാഷ്ട്രങ്ങളുടെ സമ്പത്തും മാർഗരറ്റ് താച്ചറുടെ പ്രസംഗങ്ങളും സുലഭമായി ഉദ്ധരിച്ച് ധനമന്ത്രി അവതരിപ്പിച്ച ആ രേഖ നവലിബറൽ ധനതത്വശാസ്ത്രത്തിന്റെ പാഠപുസ്തകമായി ഉപയോഗിക്കാവുന്ന ഒന്നായിരുന്നു.

സാധാരണ മനുഷ്യരെയും ചെറുകിട ബിസിനസ് സ്ഥാപനങ്ങളെയും സാമ്പത്തികദുരിതത്തിൽ നിന്ന് കരകയറാൻ സഹായിക്കുന്ന എന്ന പ്രതീതി ഉളവാക്കുന്ന കുറച്ചിളവുകളും ക്ഷേമപദ്ധതികളും ആത്മനിർഭർ അഭിയാൻ പ്രഖ്യാപനങ്ങളിൽ ഉണ്ടായിരുന്നു എന്നത് നേര്. പക്ഷെ, കൽക്കരി, മിനറൽസ്, പ്രതിരോധം, വ്യോമയാനം, കൃഷി, ഊർജവിതരണം, സ്പേസ്, ആണവോർജം തുടങ്ങിയ തന്ത്രപ്രധാനമായ മേഖലകൾ സ്വകാര്യമൂലധത്തിന് തുറന്ന് കൊടുക്കാനുള്ള നയപരമായ തിരുമാനങ്ങൾക്കായിരുന്നു അതിലെ ഊന്നൽ.

ധനകാര്യമന്ത്രി സംസാരിക്കുമ്പോൾ രണ്ട് ഭാവങ്ങളാണ് കേൾവിക്കാരുടെ മനസ്സിൽ പതിയുക. ഒന്ന് കർക്കശസ്വഭാവക്കാരിയായ അദ്ധ്യാപികയുടേതാണ്. രണ്ട് എല്ലാ കാര്യങ്ങളും സൂക്ഷമമായി പ്ലാൻ ചെയ്യുന്ന ഒരോ കൃത്യത്തിന്റെയും പുരോഗതി അളക്കാൻ അളക്കാവുന്ന മാനദണ്ഡങ്ങളുണ്ടെന്ന് ഉറപ്പ് വരുത്തുന്ന പ്രൊഫഷണൽ മാനേജരുടേതും. സ്വന്തം പക്ഷപാതിത്വങ്ങളെയും ചായ്‌വുകളെയും സമർത്ഥമായി മറച്ചുവെക്കാനുതകുന്നതാണ് ഈ രണ്ടു ഭാവങ്ങളും.

എന്നിട്ടും ഈ പ്രഖ്യാപനങ്ങൾക്കിടയിൽ സാന്ദർഭികമായി അവർ പറഞ്ഞ ഒരു കാര്യം നമ്മുടെ ഭരണാധികാരികൾ കാഴ്ച്ചവട്ടത്തിൻറെ പരിമിതികളെ, അവർ കാണാൻ വിസമ്മതിക്കുന്ന കാഴ്ചകളെ വെളിവാക്കി. മധ്യവർഗക്കാർക്കായുള്ള ഭവനനിർമാണ സബ്സിഡിയെ കുറിച്ച് സംസാരിക്കുന്നതിനിടെ ആറു ലക്ഷത്തിനും പതിനെട്ട് ലക്ഷത്തിനും ഇടയിൽ വാർഷിക വരുമാനമുള്ളവരെ അവർ വിശേഷിപ്പിച്ചത് മധ്യവർഗ്ഗത്തിന്റെ അടിത്തട്ടിലുള്ളവർ എന്നായിരുന്നു!





ഇന്ത്യയിലെ മധ്യവർഗത്തിന് അറിഞ്ഞോ അറിയാതെയോ ധന മന്ത്രി നൽകിയ ഈ നിർവചനം ഇന്ത്യയിലെ തൊഴിലിലെടുക്കുന്ന വരിൽ ബഹുഭ്രരിപക്ഷവും എങ്ങിനെ യാണ് നമ്മുടെ ഭരണാധികാരിക ളുടെ കാഴ്ചവട്ടത്തിന് പുറത്തായിരിക്കു ന്നത് എന്ന് കാട്ടിത്തന്നു.

**ഡിസാസ്റ്റർ ക്യാപിറ്റലിസം**

സമൂഹത്തെ പിടിച്ചുലക്കുന്ന ദുരന്തങ്ങളുണ്ടാക്കുന്ന നടുക്കത്തിന്റെ മറപറ്റി മുതലാളിത്തം തങ്ങളുടെ ലാഭവർധനക്കായുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനെ പ്രശസ്ത പത്രപ്രവർത്തകയായ നവോമി ക്ലയിൻ വിശേഷിപ്പിച്ചത് ദുരന്ത മുതലാളിത്തം (Disaster Capitalism) എന്നായിരുന്നു. ഡിസാസ്റ്റർ ക്യാപിറ്റലിസത്തിന്റെ ഇന്ത്യൻ പതിപ്പാണ് ഈ കാലയളവിൽ നടന്ന എല്ലാ സുപ്രധാന നിയമനിർമാണങ്ങളും. വിദ്യാഭ്യാസനയം, ഇഐഎ 2020, ഇക്കഴിഞ്ഞ പാർലിമെന്റ് മൺസൂൺ സമ്മേളനത്തിൽ നടപ്പിലാക്കിയായ കാർഷിക നിയമങ്ങളും ലേബർ കോഡുകളും. ഇവയൊക്കെയും ഇക്കൂട്ടത്തിൽ പെടുത്താവുന്ന നിയമനിർമാണങ്ങളാണ്.

കാർഷിക നിയമ ഭേദഗതികളുടെ കാര്യമെടുക്കുക. ലോക്ഡൌൺ കാലത്ത് ജൂൺ മാസം ആദ്യവാരത്തിലാണ് ആത്മനിർഭർ പ്രഖ്യാപനങ്ങളുടെ ചുവട് പിടിച്ച് കാർഷികമേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന മൂന്നു ഓർഡിനൻസുകൾ സർക്കാർ കൊണ്ടുവരുന്നത്.

വർഷങ്ങളായി തുടർന്ന് വരുന്ന ഒന്നാണ് ഇന്ത്യയിലെ കാർഷിക പ്രതിസന്ധി. ജിഡിപിയുടെ 16.5% മാത്രം സംഭാവന ചെയ്യുന്ന കാർഷിക മേഖലയിലാണ് ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിൽ 40% പേരും ജോലി കണ്ടെത്തുന്നത്. 2019-20 ലെ സാമ്പത്തിക സർവേ പറയുന്നത് ഇന്ത്യയിലെ കാർഷികരംഗം കഴിഞ്ഞ കുറച്ച് വർഷങ്ങളായി മുരടിപ്പിനെ നേരിടുകയാണെന്നും അതിൻറെ വാർഷിക വളർച്ച മൂന്നു ശതമാനത്തിനടുത്ത് മാത്രമാണ് എന്നുമാണ്. ഈ അവസ്ഥയാണ് വർഷം തോറും ലക്ഷക്കണക്കിന് കർഷകരെ ആഭ്യന്തര അഭ്യാർത്ഥികളാക്കിമാറ്റുന്നതും കടക്കെണിയും ദാരിദ്ര്യവും കാരണം ആത്മഹത്യയിലേക്ക് തള്ളി നീക്കുന്നതും. എന്നാൽ, ഈ മുഖ്യപ്രശ്നങ്ങളിൽ നിന്ന് മുഖം തിരിച്ച്, കൃഷിയിലും കാർഷികോല്പ




ന്നങ്ങളുടെ വിപണനത്തിലും കോർപ്പറേറ്റ് സ്വകാര്യ മേഖലക്ക് പിടിമുറുക്കാനുള്ള അവസരമൊരുക്കി കൊടുക്കുക മാത്രമാണ് ഈ നിയമഭേദഗതികൾ ചെയ്യുന്നത്.

ഇത് കർഷകർ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടാണ് മഹാമാരിയെ വകവെക്കാതെ രാജ്യമെമ്പാടും അവർ ശക്തമായ പ്രതിഷേധവുമായി തെരുവിലിറങ്ങിയത്. അതിന് ചെവികൊടുക്കാൻ സർക്കാർ തയ്യാറായില്ല. മാത്രമല്ല, ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ പ്രകാരം സംസ്ഥാനവിഷയമാണ് കൃഷിയും അനുബന്ധ മേഖലകളുമെങ്കിലും സംസ്ഥാന സർക്കാരുകളോട് കൂടിയാലോചനകൾ നടത്തിയുമില്ല. എന്തിന്, ഭരണമുന്നണിക്കകത്ത് നിന്നുയർന്നു വന്ന പ്രതിഷേധങ്ങളെ പോലും പാടേ അവഗണിച്ചു. ശിരോമണി അകാലിദൾ മുന്നണി വിടുന്നതിൽ വരെയെത്തി കാര്യങ്ങൾ. ഒടുവിൽ എല്ലാ എതിർപ്പുകളെയും തൃണവൽഗണിച്ച് സഭയിൽ തങ്ങൾക്കുള്ള വലിയ ഭൂരിപക്ഷത്തിന്റെ ബലത്തിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രസർക്കാരിനായി. ലേബർ കോഡുകളുടെ കാര്യത്തിൽ കണ്ടതും ഇതേ പ്രവണതയാണ്.



Cartoon : E P Unny

നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങളെ പരിഷ്കരിച്ച് നാല് ലേബർ കോഡുകളി




ലേക്ക് ഒതുക്കുന്ന ഈ നിയമനിർമ്മാണം. ഇതിന് വേണ്ടിയുള്ള ശ്രമങ്ങൾ 2019 ൽ തന്നെ ആരംഭിച്ചതായിരുന്നു. വേജസ് കോഡ് കഴിഞ്ഞ വർഷം ഓഗസ്റ്റിൽ നിയമമായി. ബാക്കിയുള്ള മൂന്ന് കോഡുകളാണ് ഇത്തവണ പരിഗണിച്ചത്. തൊഴിൽ നിയമങ്ങളെ ക്രോഡീകരിക്കേണ്ടതിന്റെയും ലളിതമാക്കേണ്ടതിന്റെയും ആവശ്യത്തെ കുറിച്ച് ആർക്കും തർക്കമുണ്ടാകാനിടയില്ല. പക്ഷെ, അതിന്റെ മറവിൽ തൊഴിലെടുക്കുന്നവരുടെ താല്പര്യങ്ങൾക്ക് തീർത്തും വിരുദ്ധമായ നയങ്ങൾ നടപ്പിലാക്കാനായിരുന്നു സർക്കാർ ശ്രമം. ഈ നിയമങ്ങളിലെ ചില പ്രധാന വ്യവസ്ഥകൾ നോക്കുക:

- വൈദ്യുതി ഉപയോഗിക്കുന്നുണ്ടെങ്കിൽ 20 ഉം അല്ലെങ്കിലും 40 ഉം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ മാത്രമേ ഇനി ഫാക്ടറി ആക്റ്റിന്റെ പരിധിയിൽ വരൂ. ഇതിന് മുൻപ് അത് യഥാക്രമം 10 ഉം 20 ഉം ആയിരുന്നു.
- തൊഴിലാളികളെ വെട്ടിക്കുറക്കുന്നതിനും ഫാക്ടറി അടച്ചിടുന്നതിനും 300 ൽ താഴെ തൊഴിലാളികൾ ഉള്ള തൊഴിലുടമക്ക് സർക്കാരിൻറെ മുൻകൂർ അനുമതി വേണ്ട എന്നാണ് പുതിയ നിയമം. മുൻപ് ആ പരിധി 100 ആയിരുന്നു.
- 300 വരെ ആൾക്കാർ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ സ്റ്റാന്റിംഗ് ഓർഡർ അഥവാ പെരുമാറ്റച്ചട്ടങ്ങളുടെ ആവശ്യമില്ല
- തൊഴിൽ സമരങ്ങൾക്ക് 60 ദിവസം മുൻപ് നോട്ടീസ് കൊടുത്തിരിക്കണം
- പകുതിയിൽ കൂടുതൽ തൊഴിലാളികൾ അംഗങ്ങളായി ചേർന്നാലേ യൂണിയന് അംഗീകാരം ലഭിക്കൂ

അതേസമയം, തൊഴിലെടുക്കുന്നവരിൽ ഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെയും അവരുടെ പുതുരൂപമായ ഗിഗ്/പ്ലാറ്റ്ഫോം തൊഴിലാളികളുടെയും സാമൂഹ്യസുരക്ഷ ഉറപ്പു വരുത്തുന്ന നിർദ്ദേശങ്ങളൊന്നും തന്നെയും ഈ നിയമങ്ങളില്ല.



350 പേജുകളുള്ള ഈ ബില്ലുകൾ പാസാക്കാൻ വെറും മൂന്നു മണിക്കൂറുകളാണ് സഭ എടുത്തത്. പ്രതിപക്ഷത്തിന്റെയും തൊഴിലാളി സംഘടനകളുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്തില്ല. 8 അംഗങ്ങളുടെ സസ്പെൻഷനിടയാക്കിയ കാർഷിക നിയമഭേദഗതികളെ ചൊല്ലിയു



ള്ള ബഹളങ്ങളെ തുടർന്ന് സഭയിൽ പ്രതിപക്ഷസാന്നിധ്യം ഇല്ലാതിരുന്ന സമയത്താണ് ഈ ബില്ലുകൾ സഭയിൽ അവതരിപ്പിക്കപ്പെട്ടത് എന്നതും ശ്രദ്ധേയമാണ്.

ഇതെഴുതുമ്പോൾ പുറത്തുവന്ന ഒരു വാർത്ത വൈദ്യുതവിതരണം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് ഉത്തർപ്രദേശ് സർക്കാർ പിൻവാങ്ങി എന്നാണ്. ഇതിനെതിരെ ലക്ഷക്കണക്കിന് തൊഴിലാളികൾ അനിശ്ചിതകാല സമരവുമായി രംഗത്ത് വന്നതായിരുന്നു കാരണം. നവലിബറൽ അജണ്ട നടപ്പിലാക്കുന്നതിന് സംഘടിതതൊഴിലാളി വർഗം എത്രമാത്രം തടസ്സമാണ് എന്നതിന്റെ ഏറ്റവും പ്രകടമായ സമീപകാല ഉദാഹരണമാണ് ഈ സംഭവം. എന്തുകൊണ്ടാണ് തൊഴിലാളിവർഗത്തെ ശിഥിലീകരിക്കുന്ന ലേബർ കോഡുകൾ ഭരണവർഗത്തിന് അടിയന്തിര അജണ്ടയായി മാറുന്നത് എന്നതിനും.

**ലേബർകോഡുകൾക്ക് പിന്നിൽ**

മുതലാളിത്ത സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കുന്ന ഏറ്റവും മുഖ്യമായ പ്രേരക ശക്തി ലാഭമാണ്. മനുഷ്യവിഭവശേഷിയെ ഏറ്റവും കാര്യക്ഷമവും ചെലവ് കുറച്ചും ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ അത് തേടിക്കൊണ്ടിരിക്കുന്നു. തൊഴിലെടുക്കുന്നവരുമായുള്ള മുതലാളിത്തത്തിൻറെ താല്പര്യസംഘർഷങ്ങളുടെ അടിസ്ഥാനം അതാണ്. തൊഴിൽ നിയമങ്ങളും തൊഴിൽ സമയവും വർഗസമരത്തിന്റെ തീവ്രമുഹൂർത്തങ്ങളായി ചരിത്രത്തിലുടനീളം നിരന്തരമായി ആവർത്തിക്കുന്നതിന് കാരണമതാണ്.

വ്യാവസായിക മുതലാളിത്തത്തിനോടൊപ്പം ഉടലെടുത്ത സംഘടിതതൊഴിലാളി വർഗത്തിന്റെ വിലപേശൽ ശക്തിയുടെ മുനയൊടിക്കാൻ, അത് കണ്ടെത്തിയ ഒരു മാർഗം തൊഴിലന്വേഷകരുടേതായ ഒരു കരുതൽസേനയെ (reserve army of labour) നിലനിർത്തുകയായിരുന്നു. ആഗോളവൽക്കരണകാലത്ത് ഈ പ്രക്രിയക്ക് പുതിയ മാനങ്ങൾ കൈവന്നു. വേതനനിരക്ക് കുറഞ്ഞ ഇടങ്ങളിലേക്ക്, രാജ്യങ്ങളിലേക്ക്, ഉത്പാദനവും അതിൻറെ കൂടെ തൊഴിലും ആവശ്യാനുസരണം പറിച്ചുനടാൻ എളുപ്പമായി. അത് ആ പ്രദേശങ്ങളിലെ തൊഴിൽനിയമങ്ങളെ സ്വാധീനിച്ചു. ഒരു നാടിനെ നിക്ഷേപക സൗഹാർദ്ദമാക്കുക എന്നതിനർഥം തൊഴിൽനിയമങ്ങൾ എല്ലാം ഉപേക്ഷിക്കുക എന്നായി വ്യാഖ്യാനിക്കപ്പെട്ടു. 'Ease of doing business' എന്നത് വിദേശ മൂലധനാർത്ഥികളായ സർക്കാരുകളുടെ മുഖ്യ

മുദ്രാവാക്യമായി.

ഇതിനോടൊപ്പം പരിഗണിക്കേണ്ട വേറൊരു മാറ്റം 'പ്ലാറ്റ്ഫോം ഇക്കോണമി' എന്നും 'ഷെയറിങ് ഇക്കോണമി' എന്നുമൊക്കെ വിളിച്ചു വരുന്ന, ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും വിതരണത്തിലെ പുതിയ രീതികളുടെ ആവിർഭാവമാണ്. ഈ പുത്തൻ രീതികൾ സ്ഥിരം തൊഴിൽ, കൃത്യമായ തൊഴിൽ സമയം, തൊഴിലിടം തുടങ്ങിയ സങ്കല്പങ്ങൾ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. മുഴുവൻസമയ ജോലികളുടെ അഭാവവും ഉള്ള ജോലികളുടെ കോൺട്രാക്റ്റ് വൽക്കരണവുമാണ് ഈ മാറ്റങ്ങളുടെ കാതൽ. തൊഴിലെടുക്കുന്നവരുടെ സംഘടിതസ്വഭാവം നഷ്ടമാകുന്നു. സംഘടിതരായ പ്രോലിറ്റേറിയറ്റുകൾ വിലപേശലിന് ശേഷിയില്ലാത്ത ശിഥിലമായ തൊഴിൽസേനയായ പ്രികാരിയറ്റുകളായി (precariats) മാറുന്നു. നവലിബറൽ മുതലാളിത്തത്തിൻറെ ആദർശലോകമാണത്.



പ്രികാരിയറ്റുകൾ ഇന്ത്യൻ മുതലാളിത്തത്തിന്റെയും ചാലകശക്തിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ഭരണവർഗ്ഗത്തിൻറെ പരമമായ ലക്ഷ്യം രാജ്യത്തെ ചൈനയെ വെല്ലുന്ന സാമ്പത്തിക ശക്തിയായി മാറ്റിത്തീർക്കുക എന്നായിരിക്കുന്ന സമകാലീനാവസ്ഥയിൽ പ്രത്യേകിച്ചും. കോവിഡ് ഈ സ്വപ്നസാക്ഷാത്കാരത്തിനുള്ള അവസരമൊരുക്കിയിരിക്കുകയാണ് എന്നാണ് അവർ കരുതുന്നത്. അതിനായി ഉദ്പാദനമേഖലയിൽ വലിയ തോതിലുള്ള മൂലധന നിക്ഷേപം കണ്ടെത്തുകയും ആഭ്യന്തരവിപണിയെ പുത്തൻകൂറ്റ മുതലാളിത്തത്തിനനുസൃതമായി മാറ്റിയെടുക്കയും വേണം. ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ (infrastructure) അതിവേഗം വികസിപ്പിച്ചെടുക്കാൻ പ്രികാരിയറ്റുകളുടെ ഒരു വലിയ കരുതൽസേനയെത്തന്നെ ഇന്ന് ഇന്ത്യക്കാവശ്യമുണ്ട്. അതിന് കളമൊരുക്കുകയാണ് പുതിയ ലേബർ കോഡുകൾ.

**സ്വദേശി 'റെട്ടറിക്' (rhetoric), വിദേശ മൂലധനം**

ഒരു ആദർശവും ആശയവുമെന്ന നിലയിൽ നവലിബറലിസത്തെ വിശദീകരിക്കുന്നവരുണ്ട്. ആ ആഖ്യാനത്തിൽ ഏറ്റവും കൂടുതൽ ആവർത്തിക്കുന്ന ഒരു വാക്ക് സ്വാതന്ത്ര്യം ആയിരിക്കും. വ്യക്തിയുടെ സ്വാതന്ത്ര്യം. സ്വതന്ത്രവിപണി.




വ്യക്തികളുടെ ജീവിതത്തിലും തിരഞ്ഞെടുപ്പുകളിലും ഏറ്റവും കുറച്ച് മാത്രം ഇടപെടുന്ന സർക്കാർ...

ഈ കാഴ്ച്ചപാടിലൂടെ നോക്കുമ്പോൾ മതാധിഷ്ഠിതമായ തീവ്രദേശീയത പ്രത്യയശാസ്ത്രമായി സ്വീകരിച്ചിട്ടുള്ള ഒരു ഭരണകൂടവുമായി അങ്ങിനെ പൊരുത്തപ്പെടാനൊക്കില്ല നവലിബറലിസത്തിന്. കാരണം, സാമ്പത്തികമായും സൈനികമായും സുശക്തമായ ഒരു രാഷ്ട്രനിർമ്മിതിക്കപ്പുറം ജീവിതത്തിന്റെ സമസ്തതലങ്ങളിലും ആശയപരമായ മേൽകൈയ്യും നിയന്ത്രണവും ആണല്ലോ ആ പ്രത്യയശാസ്ത്രം ലക്ഷ്യമാക്കുന്നത്. ആത്മനിർഭർ അഭിയാൻ മുന്നോട്ടു വെക്കുന്ന സ്വയംപര്യാപ്തത പോലുള്ള ആശയങ്ങൾ പോലും തീവ്രദേശീയതയുടെ വാചാടോപത്തിൻറെ ചട്ടക്കൂട്ടിനുള്ളിലാണ് അവതരിപ്പിക്കപ്പെടുന്നത്.

നവലിബറലിസം ആത്യന്തികമായി ഒരു ആശയസംഹിതയല്ലെന്നും, അത് അന്താരാഷ്ട്ര ഫിനാൻസ് മൂലധനവും കോർപറേറ്റുകളുമടക്കമുള്ള വരേണ്യവർഗത്തിൻറെ സാമ്പത്തികാധീശത്വം ഉറപ്പാക്കാനുള്ള ഒരു രാഷ്ട്രീയപദ്ധതിയാണെന്നും മനസ്സിലാക്കിയാൽ ഈ പറഞ്ഞ പൊരുത്തക്കേട് ഇല്ലാതാകും.

ലോകമെമ്പാടും, വർദ്ധിച്ചു വരുന്ന അസമത്വവും തൊഴിലില്ലായ്മയും നിയോലിബറൽ ആശയങ്ങളുടെ ലെജിറ്റിമസി ഇല്ലാതാകുന്നുണ്ട്. ഇന്ത്യയിലും. സാമാന്യജനങ്ങളുടെ രോഷവും അസംതൃപ്തിയും ഉയർത്തുന്ന വെല്ലുവിളി ഒരു യാഥാർഥ്യമാണ്. ഇനിയങ്ങോട്ട് ഫാസിസ്റ്റ് സ്വഭാവമുള്ള തീവ്രവലതുപക്ഷവും ശക്തമായ സർക്കാരും തന്നെയായിരിക്കും തങ്ങളുടെ ഏറ്റവും നല്ല സംഖ്യകക്ഷി എന്ന് നവലിബറലിസം തിരിച്ചറിയുന്നുണ്ട്.

അതുകൊണ്ടൊക്കെയാണ് സമ്പദ് വ്യവസ്ഥ മൂക്കുകുത്തി വീഴുമ്പോഴും ഓഹരി




Cartoon : E P Unny

വിപണി പുതിയ ഇന്ത്യയിൽ വിശ്വാസം കൈവിടാതിരിക്കുന്നത്. ആത്മനിർഭർ അഭിയാനിന്റെ ചുവട് പിടിച്ച് 'നയെ ഇന്ത്യ കാ നയാ ജോഷ്' (New Reliance for a New India) എന്ന് മുഖം മിനുക്കിയ റിലയൻസിൽ നിക്ഷേപം നടത്താൻ ആഗോള മൂലധനശക്തികൾ ക്യൂ നിൽക്കുന്നത്.

നവലിബറലിസത്തിന്റെ ഇന്ത്യൻ മുഖമാണിത്.

*(കടപ്പാട്: ഈ ലേഖകൻ ബോധി കോമൺസിൽ എഴുതിയ 'ഡിസാസ്റ്റർ ക്യാപിറ്റലിസം' വരുന്ന വഴികൾ എന്ന ലേഖനത്തിലെ ചില ഭാഗങ്ങൾ ഇവിടെ ആവർത്തിച്ചിട്ടുണ്ട്)*

*Credits to Suresh Acharya, EP Unny, Manjul, Sunil Nambu, Sajithkumar for the cartoons .*







# വിഭജനം

*ഗീത മുന്നൂർക്കോട്*

ജാതിമുൾപടർപ്പുകളുടെ
നിർമ്മിതിയാണ്
വേലിക്കെട്ട്...
തീണ്ടിയാൽ
വിഷാഗ്രദംശനം.
നിലവിളികൾ
പിടഞ്ഞുതിരും
ശൂന്യവാനത്തിലേക്ക്
പ്രാണൻ
പറന്നലിയും...

മതശിലകളാൽ
കറു(ട്ട)പ്പിച്ച
പടുത്തവയാണ്
മതിൽക്കെട്ടുകൾ.

സ്പർദ്ധച്ചീളുകൾ
നിരത്തിപ്പാകി
മുതിർന്നൊന്നു ചാടാൻ
വിലക്കി, വിലങ്ങിട്ട്

കാഴ്ചകളുടെ
ഭ്രാന്താവസ്ഥയിലേക്ക്
തറച്ചുകേറും
ചില്ലറ്റങ്ങൾ...

അകന്നേയിരിക്കാമെന്ന്
ആരുമറിയാതെ
അകത്താരോ
മുറുമുറുക്കുന്നു...

വിവേകത്തിലേക്ക്
പൊടുന്നനെ
ഒരു യുക്തി
പാഞ്ഞുകയറുന്നു!






# നായന്മാരും മൗല്യദും

*കബീർ.ടി 1992 Mech*

പാലക്കാട് എൻ.എസ്.എസ്.എഞ്ചിനീയറിംഗ് കോളേജിൽ ഒന്നാം വർഷം പഠിക്കുമ്പോളാണ് മോരും മുതിരയും പോലെ പൊരുത്തക്കേടുള്ള  ഈ സംഗതിക്ക് എനിക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നത്.

ആരംഭകാലത്തുണ്ടായ 'ഹോംസിക്ക്നെസ്സ്' കാരണം വെള്ളിയാഴ്ചത്തെ ക്ലാസ്സ് തീർന്നാലുടനെ ഞങ്ങൾ നാട്ടിലേക്കു വണ്ടികയറുകയായിരുന്നു പതിവ്..ഞങ്ങളെന്നു പറഞ്ഞാൽ (ആളുകളെ സ്ഥലനാമങ്ങളാൽ വിവക്ഷിക്കുന്നതാണ്), ഒരു വണ്ടൂരുകാരനും രണ്ട് മഞ്ചേരിക്കാരും. മഞ്ചേരിക്കാർ വാലില്ലാത്ത നായന്മാരാണ്., വണ്ടൂരാൻ പള്ളിയിൽ സ്ഥിരമായി  പൊയ്ക്കൊണ്ടിരുന്ന മുസൽമാനുമാണ്.., കൂട്ടത്തിൽ, ഒരുഗണത്തിലും ചേർക്കാൻ പറ്റാത്ത ഞാനും.

പതിയെ ഞങ്ങൾ,  ഉച്ചയ്ക്ക് ശേഷമുള്ള ക്ലാസ്സുകൾ കട്ട്  ചെയ്തുകൊണ്ട് മുങ്ങാൻ തുടങ്ങി.. കോളേജിൽ നിന്ന് നേരത്തേ ഇറങ്ങുമായിരുന്നെങ്കിലും നേരെ വെച്ചുപിടിക്കുക ടൗണിലേക്കാണ്...അന്നിറങ്ങിയ പുത്തൻ സിനിമയുടെ മാറ്റിനി ഷോ കണ്ടിറങ്ങിയ ശേഷം, സാധാരണ പോയിരുന്ന ബസിൽ തന്നെ പോകുകയും  വീട് പറ്റുകയും



ചെയ്തുപോന്നു..

ഏതാനും മാസങ്ങൾ കൊണ്ട് വീടിനെക്കുറിച്ചുള്ള വീണ്ടുവിചാരമൊക്കെ കുറഞ്ഞു.. പുതിയ നാടും പഠനവുമായൊക്കെ പൊരുത്തപ്പെട്ടുവന്നു..., കാലാന്തരേണ വീട്ടിൽപോക്ക് എന്നെങ്കിലുമൊക്കെയായി മാറി..വീട്ടിൽ പോയില്ലെന്നാലും, വെള്ളിയാഴ്ചകളിലെ മാറ്റിനി ഞങ്ങൾ മുടങ്ങാതെ കണ്ടുപോന്നു. സിനിമ കാണാനുള്ളതുകൊണ്ട് വണ്ടൂരാൻ വെള്ളിയാഴ്ചപ്പള്ളി മാത്രം വേണ്ടെന്നും വെച്ചു.

അവസാനം കണ്ട 'രാംജിറാവു സ്പീക്കിങ്ങ്', മഞ്ചേരിക്കാർക്ക് മൂന്നാമത്തെയും എനിക്ക് നാലാമത്തെയും വണ്ടൂരാന് അഞ്ചാമത്തെയും,തുടർച്ചയായ സിനിമയായിരുന്നു..

തൊട്ടടുത്ത തിങ്കളാഴ്ച ഒന്നാം പീരീഡിൽ, സഹപാഠികളെ, രാംജിറാവുവിലെ തമാശകൾ പൊട്ടിച്ചുകൊണ്ട് ഹരംകൊള്ളിക്കുകയായിരുന്നു ഞങ്ങൾ..

അന്നേരം ക്ലാസധ്യാപകൻ വന്നു., ഹാജർ എടുക്കുംമുമ്പ് ഞങ്ങളെ എഴുന്നേൽപ്പിച്ചു നിർത്തി..

"നാലുപേരും HOD യെ കണ്ടിട്ട് ക്ലാസ്സിൽ കയറിയാൽ മതി"

'നിങ്ങൾക്കുള്ളത് വെച്ചിട്ടുണ്ടെ'ന്ന് സാറിന്റെ കണ്ണുകൾ പറഞ്ഞു..

HOD യുടെ മുറിയിൽ ചെന്നപ്പോൾ, അദ്ദേഹത്തെക്കൂടാതെ വേറെയും രണ്ടു മാഷന്മാർ..

അവരും നായന്മാർ. കോളേജ് എൻ.എസ്.എസിന്റേത് ആയത്കൊണ്ട് നായന്മാർക്ക് അവിടെ തീരെ പഞ്ഞമില്ലായിരുന്നു.. മൂന്നുപേരും കൂട്ടായ ആക്രമണം തുടങ്ങി..ഹാജർ ബുക്ക് നോക്കി വിചാരണയും ആരംഭിച്ചു..

താരതമ്യേന കുറ്റം, അതായത് ആബ്സെന്റ് കുറവുള്ള, മഞ്ചേരിക്കാരെ ആദ്യം കുടഞ്ഞു.. രണ്ടാളും ഒന്നിച്ചു കുറ്റസമ്മതംനടത്തി മാപ്പിരന്നു...,

"സാറേ ഉച്ചയ്ക്ക് പോയില്ലെങ്കി നാട്ടിൽ പോവാൻ ബസ് കിട്ടൂല.. അതോണ്ടാ.. ഇനീണ്ടാവൂല.."

സമുദായത്തിന് ദുഷ്പേര് ഉണ്ടാക്കരുതെന്ന താക്കീതോടെ അവരുടെ കാര്യം



തീർപ്പാക്കി..അടുത്തത് എന്നോട്..

"ഇയ്യാള് നാല് വെള്ളിയാഴ്ചയായി..?"

അഞ്ചുള്ള വണ്ടൂരാനെയോർത്തു മനസ്സാ ചിരിച്ചുകൊണ്ട് ഞാനുമൊരു കള്ളം മെനഞ്ഞു

"സാറേ, ഉമ്മാക്ക് വെള്ളിയാഴ്ചകളിൽ വൈകുന്നേരം ഒരു ഇൻജെക്ഷൻ വെക്കാനുണ്ടായിരുന്നു.തുടരെ നാലെണ്ണം, അതിപ്പൊ തീർന്നു.., ഇനി പോണ്ടതില്ല.."

"ഇനിയുണ്ടായാൽ...,"

എന്തു ശിക്ഷയും പ്രതീക്ഷിക്കാമെന്ന ഭീഷണിയെ അർധോക്തിയിൽ നിറുത്തി..

മൂന്നുപേരും രൂക്ഷമായി എന്നെ നോക്കി.. അടുത്തത് വണ്ടൂരാനോട്...

"എടോ, താനൊന്നും പറയേണ്ട, രക്ഷിതാക്കളെ കൊണ്ടുവന്നിട്ട് ക്ലാസ്സിൽ കേറിയാൽ മതി.."

വിധികേട്ട് അവനിപ്പോൾ കരയുമെന്ന് തോന്നി ഞങ്ങൾക്ക്..ദയയർഹിക്കുന്ന ഭാവത്തിലുള്ള മുഖവുമായി പതിയെ അവൻ പറഞ്ഞു..,

"സാറേ, വല്ല്യാപ്പാന്റെ 28 ആയിരുന്നു കഴിഞ്ഞാഴ്ച്ച..!"

അതിനൊന്നും അലിയുന്ന മനസ്സായിരുന്നില്ല സാറമ്മാരുടേത്.. പിന്നീട് ചോദ്യങ്ങളുടെ മാലപ്പടക്കമായിരുന്നു..! ഉത്തരങ്ങളുടെയും...!!

"അതിനു മുന്നത്തെ വെള്ളിയാഴ്ച്ച്യോ..?"

"സാറേ, 21."

"അതിനു മുമ്പോ..?"

ചോദിക്കാതെതന്നെ വണ്ടൂരാൻ രണ്ടുത്തരം പറഞ്ഞു..

"പതിനാല്, അയിനുമ്പ് ഏഴ്..!"

HOD വിരലിൽ കൂട്ടി.. "7, 14, 21, 28.. നാല് ആഴ്ച്ച്യേ ആയുള്ളൂ..

അതിന്റെ മുമ്പത്തെ വെള്ളി..?"

വണ്ടൂരാൻ അതിനെ പരിഹാസപൂർവ്വം നേരിട്ടു..

"പൊട്ടന്മാര്"എന്ന് ഞങ്ങൾ കേൾക്കെയും, അവരെക്കേൾപ്പിച്ച് ഉറക്കെയും പറഞ്ഞു..

"സാറേയ്.., അന്നല്ലേ  വല്ല്യാപ്പ മരിച്ചത്..?"

"അപ്പോൾ 35, 42, 49 ഇതിനൊക്കെ പോവേണ്ടി വരുമല്ലേ നിനക്ക്..?"

വീണുകിട്ടിയത് അവസരമാക്കി വണ്ടൂരാൻ.

"പിന്നെല്ലാതെ...,അയ്മ്പത്താറ് വരെ...!അന്ന് മൗലൂദും ഉണ്ടല്ലോ..?അതെന്തായാലും മുടക്കാമ്പറ്റൂലാ.."

മൗലൂദ് എന്ന വാക്ക് സാറമ്മാർ ആദ്യമായി കേൾക്കുകയായിരുന്നു..എന്നെ മാറ്റിവിളിച്ചു കൊണ്ട് അതെന്താണെന്ന് രഹസ്യമായി അവർ ചോദിച്ചറിഞ്ഞു..

മൗലൂദ് മതപരമായ ചടങ്ങാണെന്നും, അതിനു വിട്ടില്ലെങ്കിൽ ചിലപ്പോൾ അവരുടെ കൂട്ടർ പ്രശ്നം ഉണ്ടാക്കുമെന്നും ഞാൻ തട്ടിവിട്ടു. ഒരു സമുദായികലഹള മുന്നിൽ കണ്ടാകണം നായന്മാർ പത്തിമടക്കി..!

"ഇനിയാരെങ്കിലും മരിയ്ക്ക്യാണെങ്കി ക്ലാസ്സ്ടീച്ചറോട് മുൻകൂട്ടി പറയണം.."

'ഹോ'എന്നു സമ്മതിച്ചുകൊണ്ട്, നിരുപാധികം വെറുതെവിടപ്പെട്ട  വണ്ടൂരാൻ, തുടർന്നുള്ള വെള്ളിയാഴ്ചകളിലും റിലീസ് പടങ്ങൾ കണ്ടുപോന്നു..!

പത്തുപതിനാലു കൊല്ലം മുന്നേ മരണപ്പെട്ടുപോയ  വല്ല്യാപ്പയെക്കൊണ്ട് അവനുണ്ടായ സൗഭാഗ്യമോർത്ത് ഞങ്ങൾ കൊതിയൂറി...!

അനന്തരമവൻ  പറഞ്ഞുതന്നിരുന്ന സിനിമാക്കഥകളും കേട്ട് ഇളിഭ്യരായി ക്ലാസ്സിലുമിരുന്നു..!!!




# GALLERY





***Picture by Archana.G.Krishnan***
***Daughter of Gopikrishnan G 1989***






# ത്യാഗത്തിന്റെ രൂപങ്ങൾ : കോവിഡ് കാലത്തെ വായന

*മണികണ്ഠൻ. എം.പി 1996 CE*

1931ൽ ജനിച്ച ശ്രീ ടി പത്മനാഭൻ 1948ലാണ് ആദ്യമായി കഥയെഴുതുന്നത്. 48ൽ കഥയെഴുത്ത് തുടങ്ങി എന്ന് പറഞ്ഞാലും കൃത്യമായി അത് ശരിയാവില്ലായിരിക്കാം! "കാരണം അതിനും എത്രയോ മുൻപുതന്നെ ഞാൻ കഥകൾ മനസ്സിൽ പറഞ്ഞു തുടങ്ങിയിരുന്നല്ലോ..." ഞാനെന്തിനെഴുതുന്നു? എന്ന ശീർഷകത്തിൽ അദ്ദേഹം തന്നെ എഴുതിയ ആമുഖം ഒരു കഥ പോലെ തന്നെ ആകർഷകമാണ്.

"വാക്കുകളിലൂടെ, വികാരങ്ങളിലൂടെ, എന്റേതായ ഒരു ലോകം ഞാൻ സൃഷ്ടിക്കുന്നു..എനിക്കു വേണ്ടി തന്നെ! സൃഷ്ടിയുടേതായ വേദനയും ഹർഷവും സംതൃപ്തിയും ഞാൻ അനുഭവിക്കുന്നു..ഞാൻ എഴുതുന്നു."

പ്രശസ്ത പണ്ഡിതനും നിരൂപകനുമായ ശ്രീ എം.പി.ശങ്കുണ്ണിനായർ സതേൺ ലാംഗ്വേജസ് ബുക്ക് ട്രസ്റ്റിനു വേണ്ടി പ്രസാധനം ചെയ്ത "തിരഞ്ഞെടുത്ത കഥകളിൽ" ശ്രീ ടി.പത്മനാഭനെ ഇങ്ങനെ വിശേഷിപ്പിച്ചിരുന്നു:

"......... ഈ യുവാവ് തന്റെ കഥകളാണ് ലോകോത്തരങ്ങളെന്നു പറയും. പറയുന്നത് വെറും ഭോഷ്കല്ല താനും".

എന്തിനാണ് ഇത്രയും നീണ്ട ഒരു മുഖവുര എന്നാണെങ്കിൽ, ആ കഥയുടെ അർത്ഥതലങ്ങളുടെ ആഴം കൊണ്ടാണെന്നു ഞാൻ പറയും.

ത്യാഗത്തിന്റെ രൂപങ്ങൾ എന്ന ടി.പത്മനാഭൻ കഥയിലെ ചില വാചക ശകലങ്ങൾ മാത്രമാണ് ഞാൻ താഴെ കൊടുക്കുന്നത്. അതുണ്ടാക്കിയ എന്റെ ചിന്തകൾ അപ്പപ്പോൾ കുറിച്ചിട്ടതാണ് അതോടൊപ്പം. കഴിഞ്ഞ കുറേ മാസങ്ങളായി ഞാൻ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ ഈ പുതിയ സാഹചര്യങ്ങൾ അറുപതോ എഴുപതോ വർഷങ്ങൾ മുൻപ് ഇവിടെ ദുരിതം വിതച്ചപ്പോൾ നമ്മുടെ പൂർവികർ അതിനെ എങ്ങിനെ നോക്കിക്കണ്ടിരിക്കാം എന്ന് ഇടക്കിടെ ആലോചിച്ചുപോയി

**ഏകാന്താശുപത്രിയയിലെ മുറിയിൽ ഞാൻ തനിച്ചാണ്. ഉണ്ടായിരുന്ന വേറെ രണ്ടുപേർ ഇന്നലെയും മിനിഞ്ഞാന്നുമായി മരിച്ചു**

അന്നത്തെ ഐസൊലേഷൻ വാർഡിനെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. സമൂഹത്തിൽ രോഗത്തിന്റെ വ്യാപ്തിയും അതിന്റെ തീവ്രതയും കൂടിയ മരണനിരക്കുമാണ് ഈ വാചകങ്ങൾ നമുക്ക് നൽകുന്ന സൂചന. കഥയിലെ കഥാപാത്രം അനുഭവിക്കുന്ന മാനസിക പിരിമുറുക്കം രണ്ടേ രണ്ടു വാചകങ്ങളിലൂടെ വായനക്കാരിലേക്ക് പകരുന്ന കഥയെഴുത്തിന്റെ മാജിക്ക് !

**ഇത് ഏഴാമത്തെ ദിവസമാണ്. വീട്ടിലേക്കെഴുതിയിരുന്നു, എങ്കിലും ആരും വന്നു കാണുന്നില്ല; ഒരുപക്ഷെ എഴുത്തവിടെ എത്തിയില്ലായിരിക്കാം**



സ്വാഭാവികമായും അന്നത്തെ വാർത്താവിനിമയസൗകര്യങ്ങളുടെ അവസ്ഥയാണ് പ്രതിപാദിക്കുന്നത്. തപാൽ സംവിധാനം എല്ലാം തകരാറിൽ ആയിരിക്കാനാണ് സാധ്യത, അഥവാ വളരെയധികം താമസം നേരിട്ടിരിക്കാം. നമ്മുടെ ഈ മൊബൈൽ ഫോൺ യുഗത്തിൽ വിവരങ്ങൾ അറിയിക്കുക അല്ലെങ്കിൽ വാർത്തകൾ അറിയുക എന്നത് എത്രമാത്രം എളുപ്പമാണ് എന്നോർക്കണം!

**നിലക്കാത്ത ജനക്കൂട്ടത്തിന്റെ പ്രവാഹമാണ് ആ നിരത്തുകളിൽ.. ഇവിടെ കിടന്നു നരകിക്കുന്ന എഴുപതോളം രോഗികളെ കുറിച്ച് അവർ ചിന്തിക്കുമോ?**

കൊറോണയിൽ നിന്നും വ്യത്യസ്തമായ വിശേഷതയാണ് വസൂരിക്ക് ഉണ്ടായിരുന്നത്. ഒരുപക്ഷെ വേറെ രോഗികളുമായി അടുത്ത സമ്പർക്കം പുലർത്തിയവർക്കേ അത് പകരുമായിരുന്നുള്ളൂ എന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം പുറത്തു നിരത്തുകളിൽ ജനക്കൂട്ടം. പക്ഷെ രോഗം ഒരു നരകതുല്യമായ അവസ്ഥയിലേക്ക് മനുഷ്യനെ തള്ളിവിടും എന്ന് നമുക്ക് വായിച്ചെടുക്കാം.



**വസൂരിമണികൾ പഴുത്തുകിടക്കുന്ന എന്റെ നെറ്റിയിൽ കൈവെച്ചു കൊണ്ട് ഹെലൻ വിളിച്ചു:**

**"ഓ, ഭായ്...."**

തന്നെ ശുശ്രൂഷിച്ചിരുന്ന നേഴ്സിന്റെ സ്നേഹത്തോടെയുള്ള സാമീപ്യവും സ്പർശവും അനുഭവിപ്പിക്കുന്ന വരികൾ. സ്വന്തം സുരക്ഷ പോലും അപകടത്തിലാണ് എന്നറിഞ്ഞിട്ടു കൂടി നിസ്സഹായരായ മനുഷ്യരെ സേവിക്കണം എന്ന മഹത്തായ ആശയം മനസ്സിലേറ്റിയ ഭൂമിയിലെ മാലാഖമാർ... അവരെ ആണ് ഈ ഒരൊറ്റ വാചകത്തിലൂടെ കഥാകൃത്ത് പരിചയപ്പെടുത്തുന്നത്! സ്നേഹമാണ് പ്രപഞ്ചത്തിന്റെ സാരമെന്ന ബോധം ആ ഒരു വിളിയുടെ സാഹോദര്യത്തിലൂടെ നമ്മുടെ ഹൃദയത്തിൽ വന്നു തൊടുന്നു.

**പുഞ്ചിരിച്ചു കൊണ്ട് അവൾ ശാന്തഭാവത്തിൽ പറഞ്ഞു:**

**"നിങ്ങൾക്ക് വേഗത്തിൽ സുഖപ്പെടും"**

ഐസൊലേഷൻ വാർഡിലെ സാമാന്യമായ അന്തരീക്ഷവും നടത്തിപ്പും ഈ സംസാരത്തിൽ നമുക്ക് വായിച്ചെടുക്കാം. രോഗികൾ വീടുകളിൽ നിന്നും അകന്ന് അവിടെ കിടന്ന് മാനസികമായി കഷ്ടപ്പെടുന്നുണ്ട്. എന്നാലും ചില നിബന്ധനകളുടെ ബന്ധനത്തിലാണ് ഓരോ രോഗിയും. അത് അവിടത്തെ നേഴ്സുമാർക്ക് നല്ല തോതിൽ തന്നെ അറിയുകയും ചെയ്യാം. തങ്ങളുടെ അതികഠിനവും അതിസൂക്ഷ്മവുമായ ജോലിക്കിടയിലും ഓരോ രോഗിക്കും ശ്രദ്ധയും കരുതലും കൊടുക്കുന്ന അവരുടെ ഇടപെടലുകളിൽ കരുണയുടെ സ്പർശമുണ്ടായിരുന്നു.

**ദേഹമാസകലം നീറുന്നു. ഒരിഞ്ചുസ്ഥലം പോലുമില്ല അത് പൊന്താതെ! ഇമിറ്റേഷൻ മുത്തുകൾ വാരിവിതറിയപോലെയുണ്ട്**

കൊറോണ പനിക്കുള്ള ബാഹ്യമായ കഠിനതകൾ വസൂരിയെ താരതമ്യം ചെയ്യുമ്പോൾ തീർത്തും വ്യത്യസ്തമാണെങ്കിലും, മനുഷ്യന്റെ മാനസികവും ശാരീരികവും ആയിട്ടുള്ള വേദന; അത് തീവ്രമാണ്. വസൂരി നമ്മുടെ ശരീരത്തിൽ ഒരിക്കലും മായാത്ത കലകൾ വാരിവിതറിയിരുന്നതെങ്കിൽ കൊറോണ നമ്മുടെ ശ്വാസകോശത്തെയാണ് പരീക്ഷിക്കുന്നത്. എന്നാൽ രണ്ടും നമ്മുടെ രോഗപ്രതിരോധശക്തിയെയാണ് ആക്രമിക്കുന്നത്.





**വരദൻ ഇവിടത്തെ തോട്ടി ആണ്. അവരില്ലെങ്കിൽ ആസ്പത്രിയില്ല. ജീവനുള്ളപ്പോൾ ശുശ്രൂഷിക്കേണ്ടതും ജീവൻ പോയാൽ നീക്കം ചെയ്യേണ്ടതും അവരാണ്. അവരും മരിക്കുന്നുണ്ട് - എന്നാലും ഈ പണിക്ക് അവർ ഇവിടെ നിൽക്കുന്നു, വലിയവരാരും ഇതിനു വരില്ലല്ലോ!**

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുൻപും പിൻപും നടന്ന എല്ലാവിധ പുരോഗമന പദ്ധതികളെയും ഈ ഒരു ചെറിയ ഭാഗത്തിൽ നമുക്ക് വിശകലനം ചെയ്യാവുന്നതാണ്. തൽക്കാലം ഒന്നെടുക്കാം....

ഇപ്പോഴും, ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും, ഇന്ത്യയിലെ നമ്മുടെ സഹോദരീ സഹോദരന്മാർ അവരുടെ ഗ്രാമങ്ങളിലേക്കുള്ള നൂറുകണക്കിന് കിലോമീറ്ററുകൾ നഗ്നപാദരായി നടന്നുപോകുന്നതും അതിനിടക്ക് മരിച്ചുവീഴുന്നതും കാണുന്നത് വളരെ ദയനീയമാണ്.

ഈ രോഗകാലം സർക്കാരുകളുടെ പിന്തുണയോടെ നടക്കുന്ന കോർപ്പറേറ്റ് വികസന ത്തിന്റെ കീഴിൽ ഒരിക്കലും "സംഘടിതരായി" മാറാത്ത നമ്മുടെ കോടിക്കണക്കിന് വരുന്ന "കുടിയേറ്റ തൊഴിൽ സേന" യുടെ നിർഭാഗ്യകരമായ അവസ്ഥ തുറന്നുകാട്ടുന്നു! പലർക്കും എന്തെങ്കിലും രാഷ്ട്രീയസംരക്ഷണം ഉള്ളപ്പോൾ അധ:സ്ഥിതരായ ഈ ദരിദ്രജനത ഒരിക്കലും ഒരു ട്രേഡ് യൂണിയനു കീഴിൽ സംഘടിതരല്ല! ഈ മഹാമാരി കഴിഞ്ഞ 73 വർഷമായി നമ്മുടെ ദുർബലമായ ക്ഷേമപദ്ധതികൾ എത്ര അലംഭാവ ത്തോടെയാണ് നടപ്പാക്കുന്നത് എന്നും തുറന്നുകാട്ടിത്തരുന്നു!



**ഒരു നാഴികമണിയിലെ സൂചികളെ പോലെ ഭദ്രമായും കൃത്യമായും അവർ ജോലിയെടുക്കും. അവരൊരു പരാതിയും പറയാറില്ല. അവർക്കൊരിക്കലും പിഴക്കാറില്ല**

വീണ്ടും സേവനവ്യവസ്ഥയെ കുറിച്ചാണ് ചിന്തകൾ. അസംഘടിതരും ചൂഷിതരുമായ തൊഴിലാളികൾ. മുഖ്യധാരയിൽ അവഗണിക്കപ്പെടുന്നവർ. എങ്കിലും ആത്മാർത്ഥമായി സ്വന്തം തൊഴിൽ നിശബ്ദരായി ചെയ്യു ന്നവർ.

**എല്ലാ കൊല്ലങ്ങളിലും ഈ വ്യാധി ഇവിടെ ഉണ്ടാവാറുണ്ടെന്നാണ് കൊമ്പോണ്ടർ പറയുന്നത്**

ഇത് കാണുമ്പോൾ "ഡബ്ല്യൂ.എച്.ഓ" കഴിഞ്ഞ നൂറ്റാണ്ടിൽ ഉപയോഗിച്ച മുദ്രാവാക്യമാണ് ഓർമ്മ വന്നത്... "രണ്ടായിരാമാണ്ടിൽ എല്ലാർക്കും ആരോഗ്യം.." ആ സംഘടനയും ആരുടെയൊക്കെയോ താല്പര്യങ്ങൾക്കനുസരിച്ചാണ് സംസാരിക്കുന്നത് എന്ന് തോന്നാൻ തുടങ്ങിയിരിക്കുന്നു.

ഓരോ രാജ്യവും ഓരോ ദ്വീപായി മാറുകയാണോ...!? സ്വന്തം ആശയങ്ങളിലും ജീവിതരീതികളിലും ഒതുങ്ങി മറ്റുള്ളവരുമായി ഒരകലം സ്ഥാപിക്കാൻ എല്ലാവരും ശ്രമിക്കുന്ന പോലെ! "വസുധൈവ കുടുംബകം" എന്നതൊക്കെ വെറുമൊരു സങ്കല്പമായി..

**ഒരൊറ്റ വീടുപോലും ബാക്കിയില്ല. മുനിസിപ്പാലിറ്റി ആൾക്കാരെ തേടിപ്പിടിച്ച് ഇവിടെ എത്തിക്കുന്നുണ്ട്. ബ്ലോക്കുകൾ കൊള്ളാതായപ്പോൾ അവർ ഷെഡ്ഡുകൾ കെട്ടി**

ഇവിടെയും ആരോഗ്യസ്ഥാപനങ്ങൾ അവരുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ എല്ലാം മറന്ന് മഹാമാരിക്കെതിരെ പൊരുതിയ ഒരു ചരിത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്നത്തെ സൗകര്യങ്ങളുടെ പത്തിലൊന്നുപോലും ഇല്ലാതിരുന്ന കാലത്താണ് എന്നോർക്കണം. തന്നിഷ്ടങ്ങൾക്ക് ബാലിശമായി നടത്തുന്ന വാചകകസർത്തുകൾ ഒഴിവാക്കി മാനുഷികപരിഗണനകളോടെ കർമപദ്ധതികൾ എങ്ങനെ എത്രയും വേഗത്തിൽ പ്രാബല്യത്തിൽ വരുത്താം എന്നതന്നെയല്ലേ സമൂഹം ഒന്നടങ്കം ചിന്തിച്ച് മുന്നേറേണ്ടത്!

**"നിങ്ങളെ ഇവിടെ കിടത്താൻ നിർവാഹമില്ല, അത് കുറ്റവുമാണ്"; ഗവൺമെൻറ് ആസ്പത്രിയിലെ ഡോക്ടർ പറഞ്ഞു. "ഒന്നുകിൽ നിങ്ങൾ വീട്ടിലേക്കു പോണം അല്ലെ**

**ങ്കിൽ ഐസൊലേഷൻ ഹോസ്പിറ്റലിലേക്ക് പോയേ പറ്റൂ"**


ഇത് വായിച്ചപ്പോൾ ഇപ്പോൾ നടക്കുന്ന ക്വാറന്റൈൻ പ്രശ്നങ്ങൾ ആണ് മനസ്സിൽ തെളിഞ്ഞത്. ഭരണസംവിധാനത്തിനു അതിന്റെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിൽ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ, പരിചയക്കുറവ്, ഒപ്പം നിയമങ്ങൾ അനുസരിക്കാൻ മടി കാണിക്കുന്നവരെക്കൊണ്ടുള്ള പ്രശ്നങ്ങൾ..

**മനുഷ്യർ പുഴക്കളെ പോലെ പിടഞ്ഞു മരിക്കുന്നത് കമ്പോണ്ടർ വർഷങ്ങളായി കാണുന്നു. എന്നിട്ടും ഓരോ മരണത്തിലും അയാളുടെ കൺകൾ നിറയുന്നു**

ഇറ്റലിയിലും സ്പെയിനിലും അമേരിക്കയിലും ഇന്ത്യയിലും ഒക്കെ ഈ സാഹചര്യം നമ്മൾ കണ്ടു... ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു. ശാസ്ത്രവും സാങ്കേതിക വിദ്യകളും മനുഷ്യരെ കൂടുതൽ സുഖലോലുപരാക്കുന്നതിനു പകരം, പ്രാഥമികമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനും അതിലുമുപരി പ്രകൃതിയെ അതിന്റെ സ്വാഭാവികതയിൽ വീണ്ടെടുക്കാനും ഉള്ള ദൗത്യത്തിൽ സഹായിക്കുകയാണ് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടത്! ആ ദിശയിലാണ് മനുഷ്യൻ ഇനി നീങ്ങേണ്ടത്.

ഈ കഥ ഇവിടെ തീരുന്നില്ല... മനുഷ്യന്റെ ഏറ്റവും സൂക്ഷ്മമായ മാനസിക സഞ്ചാരങ്ങൾ ഒരുപാടുണ്ട് കഥയിൽ. ഈ മഹാമാരിയുടെ കാലത്ത് തീർച്ചയായും വീണ്ടും വായിക്കേണ്ട ഒന്നാണ് ടി പത്മനാഭന്റെ ഈ കഥ. അനവധി ഉൾകാഴ്ചകളുമായാണ് അദ്ദേഹത്തിന്റെ ഓരോ കഥയും ആവസാനിക്കുക; പെട്ടെന്ന് കൂടുന്ന പ്രവേഗത്തോടെ... അദ്ദേഹം തന്നെ സൂചിപ്പിക്കുന്ന ഓ. ഹെൻറിയുടെ കഥകളുടേതു പോലെ.







# Media Manipulation


***Advait S Pittan***

***Son of Ajithkumar Pittan 1989***


What is media manipulation and why does it concern the general public? It is the twisting, hiding or covering of facts any sort via media i.e., social media, news channel or newspapers, from the masses for the gain of an institution or a person. Shift of source of news from paper to digital media has made it available 24/7 making news easily and quickly accessible. Media manipulation is a major concern primarily because media, considered one of the most powerful entity has the ability to control the masses and help individuals form opinions. It is because people have had faith in journalistic integrity for the longest period of time and many still continue to have so. But in the recent years this integrity has come under question so much that some believe that free press and media are under threat. A great example from history on media manipulation and informational autocracy is how Nazi Germany had kept its citizens under control. In the recent years, Indian mainstream media is sus-



pected of doing the same under the guidance/ order of its own central government.

Raghav Bahl, the owner of network 18 until it was bought by Mukesh Ambani, launched Quintillion Media Pvt Ltd which formed a partnership with Bloomberg media with the ambition to start a TV news channel. They tried for 3 years but were unsuccessful. Many attributed the failure to Raghav's critical approach towards the government and the claim was not entirely baseless, considering the fact that later in the year of 2016, Arnab Goswami's Republic TV, along with his partner Rajeev Chandrashekar (a member of the BJP & an MP), was announced and it aired within three weeks of its application. Along with that, the Prime Minister who is infamous for barely giving any interviews or holding press conferences had spoken on air with Arnab one on one and had even attended the channel's annual events, the Republic Summit.

In 2018 ABP news witnessed two high profile exits, Milind Khandekar (former editor in chief) and Punya Prasun Bajpai (anchor of the former popular show called Masterstroke), and the benching of a senior anchor Abhisar Sharma, who also exited after the following few weeks. According to an article by The Wire, "Bajpai's exit – whether he had resigned or was asked to leave is not clear – comes weeks after he angered government ministers by reporting that a Chhattisgarh woman held up by Prime Minister as a success



story for his rural schemes had not 'doubled her income' as he had claimed. After his exit, Bajpai wrote an expose for The Wire detailing the extent of censorship, where he wrote that "from being told not to take Narendra Modi's name on my show or show his image on any programme critical of the government to a sinister blacking out of my show, Masterstroke, what happened was nothing short of censorship." ABP's channel sources say Milind Khandekar's exit from the channel was triggered by the pressure that had built up over the Chattisgarh report, which the BJP considered especially problematic. Abhisar Sharma spoke on TRT World (a Turkish public broadcasting service) saying, "we are supposed to question the people in power but what has happened in the past five and a half years is that the media has become a stooge of the ruling government. They have stopped questioning the ruling government and to make matter worse, they have been propagating the negative agenda of the ruling party. You would say something on air as an anchor or as a journalist or if you wrote something on Twitter, they would pressurize you in different ways".

The recent demise of a popular Bollywood actor, Sushant Singh Rajput, took the nation by storm. There has been no clear confirmation for the reason of his demise and that made it a very controversial topic for the media to cover. The media started connecting the case to his relationships, nepotism in Bollywood, narcotics and started involving various other famous figures and has almost become the only topic the media covers amidst the pandemic that is still on the loose. The news channels claim that they run such programmes on public demand but it couldn't be a sheer coincidence that the real problems




are being covered up in the process like for example the unemployment rates in the country. According to a CMIE, over 66 lakhs of white collar jobs have been lost since the last four months. Since lockdown, 2.1crore people have become jobless, 9.1crore



people of daily wage labourers from the unorganized sector lost work and GDP has hit a new all time low. The blame though, cannot be entirely placed on the detection of COVID-19 cases and the lockdown that followed in the country. The data released by Central Statistics Office, states that unemployment is at its worst in 45 years and this was before the lockdown. None of this news was covered by the mainstream media keeping majority of the public in ignorance. The government claimed to have no data on the number of deaths of migrant workers during the pandemic, job loses of the migrant workers, number of farmer suicides, number of deaths of COVID-19 frontline workers, number of MSMEs shut down and the number of RTI activists that have been killed. With all this going on, almost all media outlets are only covering celebrity drug scandals and other issues of much lesser importance, thus ensuring that the public remains in the dark about these more pressing matters being faced by the country

These are one of the countless examples of how Indian mainstream media is trying to manipulate and cover facts from its public. To quote Mark Twain, "if you don't read the newspaper, you're uninformed. If you read the newspaper, you're misinformed." We would have to put in conscious efforts to keep ourselves informed. It could involve following works of individual journalists rather than mainstream media, following news outlets which are unbiased, critical and not funded nor supported by the government, like The Wire, The Quint, etc. we can also make sure that we research on both sides of the story before forming an opinion or coming to a conclusion. Freedom of Press comes under Freedom of speech and expression of Article 19(1)(a) under the constitution and denying it to any citizen must be considered a severe breach in democracy.

**(Note: Excerpts of interviews are personal opinions/views of parties involved in the interview. This article's objective is that Media freedom should not be influenced and their freedom should be protected by the Government for fearless analytical reporting)**





*1970ലെ ബ്രസീലിയൻ ലോകകപ്പ് വിജയത്തിന് സുവർണ ജൂബിലി*

# സൗന്ദര്യത്തെ ഉപാസിച്ച ടീം

***അജിത് പി ആച്ചാണ്ടി 2010 CS***

എല്ലാ കളികളെയും (ഫുട്ബോൾ, ക്രിക്കറ്റ് അങ്ങനെ എല്ലാം) ഉൾപ്പെടുത്തിയ നൂറ്റാണ്ടിൻറ്റെ ഏറ്റവും മികച്ച ടീം തിരഞ്ഞെടുപ്പിൽ ഒന്നാമതെത്തിയത് എഴുപതിലെ ലോകകപ്പ് നേടിയ ബ്രസീൽ ടീം ആയിരുന്നു.

66-ലെ ലോകകപ്പിൽ ഗ്രൂപ്പ് ഘട്ടത്തിൽ തോറ്റതോടെ ആഭ്യന്തര പ്രശ്നങ്ങൾ ടീം മാനേജ്മെൻറ്റിൽ രൂക്ഷമായി. കടുത്ത ഫൗളിന് വിധേയമായ പെലെയും ക്ഷുഭിതനായിരുന്നു. എങ്ങനെ വിജയവഴിയിൽ തിരിച്ചെത്താം എന്ന ചിന്ത പെലെയുടെ കൂടെ 2 വട്ടം കപ്പെടുത്ത സഗാലോയിൽ എത്തി.

പ്രതിഭകളുടെ ഒരു കൂട്ടത്തെ, വിജയതൃഷ്ണയുള്ള, സുന്ദരവും അറ്റാക്കിംഗ് ഫുട്ബോൾ മുഖമുദ്ര ആക്കിയവരുമായ് മാറ്റിയെടുത്തപ്പോൾ നൂറ്റാണ്ടിന്റെ ടീം പിറവിയെടുത്തു. ബ്രസീലിൻറ്റെ ഫ്രണ്ട് ഫൈവ്, ജേഴ്സിഞ്ഞോ, ഗെഴ്സൻ, ടൊസ്റ്റാവൊ, റിവെലിനോ, പെലെ എന്നിവർ ആയിരുന്നു. ഒന്നിനൊന്ന്

മെച്ചമായിരുന്ന ഇവർ ചേർന്ന് അപ്രതിരോധ്യമായ ആക്രമണം അഴിച്ചു വിട്ടു. ബ്രസീൽ ടൂർണമെൻറ്റിൽ നേടിയ 19-ൽ 14 ഗോളിലും പെലെ നിർണായക പങ്ക് വഹിച്ചു.

ഫോർമേഷനും ശൈലിയും ചിത്രത്തിൽ കൊടുക്കുന്നു. അല്പം എങ്കിലും ദുർബലം എന്ന് പറയാവുന്ന ഗോളിക്ക് മുന്നേറ്റം കലയാക്കിയ ടീമിൽ കാര്യമായ് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. 7 ഗോൾ കാനറികൾ വഴങ്ങി എന്നതിന് കളിയുമായി ഒരു ബന്ധവും ഇല്ല. യോഗ്യത റൗണ്ടിലെയും ലോകകപ്പിലെയും എല്ലാ കളിയും ജയിച്ച മറ്റൊരു ടീം ചരിത്രത്തിൽ ഇല്ല. പവർ ഫുട്ബോളിനെയും മെക്സിക്കോയിലെ പൊരിഞ്ഞ കാലാവസ്ഥയെയും ഒരുമിച്ചവർ മറികടന്നു. മൂന്നാമതും ജയിച്ചതോടെ യൂൾറിമേ കപ്പ് എന്നേക്കും അവർക്ക് സ്വന്തമായി.




മഞ്ഞ/ചുവപ്പ് കാർഡ് സിസ്റ്റം തുടങ്ങിയ, കളി കളറിൽ കാണിച്ച ലോകകപ്പ് ആയിരുന്നു ഇത്. ഇസ്രായേൽ ആദ്യമായി പങ്കെടുത്തപ്പോൾ അർജൻറ്റിന ക്വാളിഫൈ ചെയ്തില്ല.

ചെക്കോസ്ലാവാക്യയെ 4-1ന് തകർത്താണ് അവർ തുടങ്ങിയത്. നൂറ്റാണ്ടിൻറ്റെ സേവ് നടത്തിയ ബാങ്ക്സിൻറ്റെ ഇംഗ്ലണ്ടിനെ ഒരു ഗോളിന് മറികടന്നു. ബോറടിച്ചവർ ചത്ത മാച്ചിൽ 3-2ന് റൊമാനിയയെ തീർത്തു. ചിലിയെ 4-2 നും ഉറുഗ്വായെ 3-1നും തോല്പിച്ചതോടെ ഇറ്റലിക്കെതിരെ കലാശപ്പോരാട്ടത്തിന് കളം ഒരുങ്ങി. കലാപരം ആയ കളിയും എങ്ങനെയും ജയിക്കുക എന്ന ലക്ഷ്യവും തമ്മിൽ.


പെലെയുടെ ഹെഡറിൽ ബ്രസീൽ ലീഡ് നേടി. ക്ലോഡാൾഡോയുടെ മൈനസ് പിടിച്ച റോബർട്ടോ അസൂറികൾക്കായ് സമനില കണ്ടു. പിന്നീടവർ പതിവ് പോലെ കടിച്ചു തൂങ്ങാൻ ശ്രമം തുടങ്ങി. ബ്രസീലിന് ആവശ്യവുമതായിരുന്നു.




പ്രതിഭകൾ അണിനിരന്ന ആ കൂട്ടം പൂട്ട് തകർത്തു; ഒന്നല്ല 3 വട്ടം. ഗെഴ്സൻ, ജേഴ്സിഞ്ഞോ എന്നിവർക്ക് ശേഷം എല്ലാവരും ചേർന്ന് ഒരുക്കി ഫുൾ ബാക്ക് കാർലോസ് ആൽബർട്ടോ നേടിയ ഗോൾ (ഇന്നേ വരെയുള്ള ലോകകപ്പ കളിലെ ഏറ്റവും മനോഹര മായ ഗോളായി ഇത് വിലയിരുത്തപ്പെടുന്നു) അവരെ ചരിത്രത്തിൽ അടയാളപ്പെടുത്താൻ പോന്നത് ആയിരുന്നു.കളി തീരാൻ മിനിറ്റുകൾ ഉള്ളപ്പോഴും ബ്രസീൽ ആക്രമണം തുടർന്നതിന്റെ ഫലം കൂടിയാണത്.



പെലെയുടെ അവസാന ലോകകപ്പ് ആയിരുന്നു ഇത്. പ.ജർമനിക്കായ് ആകെ 10 ഗോൾ നേടിയ മുള്ളർ ടോപ് സ്കോറർ ആയി.




*മാൽഗുഡി ദിനങ്ങൾ ചിത്രീകരിച്ച*
*കർണാടകയിലെ*
*അഗുംബെ എന്ന ഗ്രാമത്തിലേക്ക്*
*വർഷങ്ങൾക്ക് മുമ്പ്*
*കുടുബവുമൊത്ത് ഒരു യാത്ര!*
*യാത്രയുടെ ഊഷ്മള അനുഭവങ്ങൾ*
*വിവരിക്കുകയാണ് ലേഖകൻ*



# അഗുംബെ; കാലത്തിലൂടെ പിന്നോട്ടേക്കൊരു യാത്ര


*പ്രകാശൻ അളോക്കൻ 1993 IC*

സോമേശ്വര വന്യമൃഗ സംരക്ഷണകേന്ദ്രത്തിലെ  മഴക്കാട്ടിലൂടെ "അഗുംബെ" എന്ന ഗ്രാമത്തിലേക്ക് വണ്ടി ഓടിക്കുമ്പോൾ ഒരു സെൻ കഥയാണ് എനിക്കോർമ്മ വന്നത് : ഒരിക്കൽ ഒരു സെൻ ഗുരു അദ്ദേഹത്തിന്റെ പഠന മുറിയിലേക്ക് പ്രവേശിക്കുകയാണ്, കുട്ടികൾ ജിജ്ഞാസയോടെ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ കാതോർക്കുമ്പോൾ, ഒരു കുഞ്ഞികിളി ജനലിനടുത്തിരുന്ന് പാടാൻ തുടങ്ങി.

ക്ളാസ് നിശബ്ദം..., കുറച്ച കഴിഞ്ഞു ആ കിളി പാട്ടു നിർത്തി പറന്നു പോയി...ഗുരു പറഞ്ഞു ഇന്നത്തെ പാഠം കഴിഞ്ഞു ... "

ദൂരദർശനിൽ "മാൽഗുഡി ഡേയ്സ്" (ആർ.കെ.നാരായൺ) എന്ന പരമ്പരയിലൂടെ കറുപ്പിലും വെളുപ്പിലും ചതുരത്തിൽ മാത്രം കണ്ടിരുന്ന ഗ്രാമം ആയിരുന്നു മനസ്സ് നിറയെ.  കേരളത്തിലെ  നമ്മുടെ ഗ്രാമങ്ങൾക്ക് വന്നത്ര മാറ്റം ഇപ്പോഴും ദക്ഷിണ കർണ്ണാടകയിലുള്ള ഈ ഗ്രാമത്തിനു വന്നിട്ടില്ലെന്നുള്ള വായിച്ചുള്ള ഗ്രാഹ്യം മാത്രം.

ചുരത്തിലെ ഓരോ വളവുകൾ മുകളിലേക്ക് കയറുംതോറും ഓരോ ദശവത്സരങ്ങൾ കോട മഞ്ഞിൽ പിറകിലേക്ക് മായുന്ന പോലെ.കാട് അതിന്റെ എല്ലാ ഹരിതഭംഗി യിലും കണ്ണെത്താ ദൂരത്തോളം മുന്നിൽ നീണ്ട് കിടക്കുന്നു, അല്ലെങ്കിലും മലകയറ്റം പോലെ ഒന്നാണ് ജീവിതവും! ഏറ്റവും മുകളിൽ കയറിപ്പറ്റണമെന്നു തോന്നും,




കഴിയാതാകുമ്പോൾ നിരാശയും ദേഷ്യവും.

ദൂരദർശനിൽ കണ്ടിട്ട് വർഷം മുപ്പതിലേറെ കഴിഞ്ഞെങ്കിലും അഗുംബെ ഗ്രാമത്തിനും "ദൊഡ്ഡ മനക്കും"(മാൽഗുഡി ഡേയ്സിലെ വീട് ) മാറ്റങ്ങളൊന്നുമില്ല. അതൊരു നിത്യകന്യക മാതിരി അങ്ങിനെ നിൽക്കുന്നു. എൽ .വൈദ്യനാഥന്റെ ഓടക്കുഴൽ സംഗീതം (title music of Malgudi days) കോരിച്ചൊരിയുന്ന മഴയുടെ താളത്തിൽ അലിഞ്ഞു ചേർന്നോ?

കർക്കിടക നാളിലെ കാക്ക കണ്ണു തുറക്കാത്ത മഴ കണ്ടിരുന്ന ചെറുപ്പകാലത്തിലേക്ക് വീണ്ടും വന്നെത്തിയ പോലെ, തോരാതെ പെയ്യുന്ന മഴയിൽ നനഞ്ഞു കിടക്കുന്ന ഗ്രാമം (The Cherrapunji of the South) (യാത്ര പുറപ്പെട്ടപ്പോൾ നാട്ടിൽ കർക്കിടകവാവായിരുന്നെങ്കിലും മീനമാസത്തിലേത് മാതിരി കത്തി നിൽക്കുന്ന സൂര്യൻ ആയിരുന്നു )

ദൊഡ്ഡ മനയിലെ തുറന്നു കിടന്നിരുന്ന വാതിൽ വഴി ഉള്ളിലേക്ക് കയറിയതും നാലുകെട്ടിലെ മൂടിയ മഴക്കാല ഇരുളിൽ ഒരു നിലാവ് പോലെ മുന്നിൽ കസ്തൂരി അക്ക.

“പ്രകാശാ ഉച്ച ഊണ് കഴിച്ചിരുന്നല്ലോ?” സ്നേഹത്തോടെ ഉള്ള അന്വേഷണം.നാലു പതിറ്റാണ്ടിലേറെയായി അഗുംബെയിൽ വരുന്ന അതിഥികൾക്ക് വാത്സല്യത്തിന്റെ നിറകുടമായി നല്ല ഭക്ഷണവും താമസവും സ്നേഹത്തോടെ തരുന്ന അമ്മ (അക്ഷയ



പാത്രം)നേരെ കൂട്ടി കൊണ്ട് പോയത് അടുക്കളയിൽ. പുറത്തു കൂരിരുട്ടും മഴയും അടുപ്പിൽ ഉണങ്ങിയ വിറകിൽ നിന്നും കത്തുന്ന ചുവന്ന വെളിച്ചം കസ്തൂരി അക്കയുടെ മുഖത്തിനു സ്വർണ കാന്തി നൽകുന്നു.മേശമേൽ നാളികേരം ചിരകി വെച്ചിരിക്കുന്നു, കത്തികൊണ്ട് ശർക്കര ചെത്തുന്നതിനിടയിൽ കസ്തൂരി അക്ക പറഞ്ഞു "ഇന്ന് പ്രകാശനും കുടുംബത്തിനും ഒരു സ്പെഷ്യൽ ഉണ്ട് വൈകുന്നേരം ചായക്ക് നല്ല "ഇല അട"(മഞ്ഞൾ ഇലയിൽ പൊതിഞ്ഞത് - കൊങ്കിണിയിൽ ഇതിനു "പത്തോളി" എന്ന് പറയും ). കസ്തൂരി അക്ക വീട്ടു വിശേഷങ്ങളും നാട്ടു വിശേഷങ്ങളും ചോദിക്കുമ്പോൾ നമ്മളും ആ കുടുംബത്തിന്റെ ഭാഗമാകുന്നു... ദൊഡ്ഡ മനയിലെ അടുക്കളയിൽ ഇരിക്കുമ്പോൾ ഇത് എന്റെ സ്വന്തം വീടും അടുക്കളയും അല്ലെന്നു തോന്നുന്നില്ല .ഒരു ജന്മാന്തരബന്ധത്തിന്റെ സ്വർണനൂലിഴകൾ നമ്മളെ വരിഞ്ഞു മുറുക്കുന്നു.നഗരത്തിന്റെ കാപട്യങ്ങളും ,ആർത്തികളും ,അതിരു കവിഞ്ഞ ആഗ്രഹങ്ങളുമില്ലാത്ത ആ വലിയ മനുഷ്യർക്കിടയിൽ നാം എത്ര നിസ്സാരരാകുന്നു എന്ന സത്യം തിരിച്ചറിയുന്ന നിമിഷങ്ങൾ.

പിറ്റേന്ന് കാലത്തു വാഴയിലയിൽ (agumbe is plastic free) വയറു നിറയെ മസാല ദോശയും ചായയും കഴിച്ചതിനു ശേഷം ,ഇല പറമ്പിൽ കെട്ടിയ നന്ദിനി പശുവിനു കൊടുക്കുമ്പോൾ കസ്തൂരി അക്ക പറഞ്ഞു. ഇനി വരുമ്പോൾ അച്ഛനെയും അമ്മയെയും ചേട്ടന്മാരെയും കുടുംബത്തേയും കൂട്ടി വരൂ.

ഒടുവിൽ യാത്ര പറയുമ്പോൾ കസ്തൂരി അക്ക എന്റെ മക്കളെ കെട്ടിപ്പിടിച്ചു ,അവരുടെ




കണ്ണുകൾ ഈറനണിയുന്നുണ്ടായിരുന്നു .അത് പോലെ കുട്ടികളുടെയും.ചില ബന്ധങ്ങൾ അങ്ങിനെയാണ്. അതിനു വർഷങ്ങളുടെ ഉരുക്കുചങ്ങലക്കണ്ണികൾ പോലെയുള്ള ഉറപ്പ് വേണമെന്നില്ല വെറും ഒറ്റ ദിവസത്തിന്റെ സ്വർണനൂലിഴ ബന്ധം മതിയാകും.ദൊഡ്ഡമനയിൽ വരുന്ന ഓരോ അതിഥികളെയും യാതൊരു ലാഭേച്ഛയുമില്ലാതെ  ഇങ്ങിനെ തന്നെയാണ് കസ്തൂരി അക്ക യാത്രയാക്കുന്നതും.

ശ്രീ ശങ്കരാചാര്യരുടെ കാലടികൾ പതിഞ്ഞ തുംഗ നദിക്കരയിൽ ഉള്ള "ശൃംഗേരി" വഴി  കുദ്രേമുഖ് വനാന്തരങ്ങളിലൂടെ  തിരിച്ചിറങ്ങുമ്പോൾ  ഞാൻ കുട്ടികളോട് പറഞ്ഞു: ഇതാണ് ഈ അവധിക്കാലത്തിന്റെ പാഠം.

കാടിന്റെ  ശാന്തതയും പച്ചപ്പുകളും  പതിയെ മായുന്നതും മുന്നിൽ "കർക്കല"(Karkkala) നഗരം ഒരു ഭീകരജീവിയായി വാ പിളർന്നു നിൽക്കുന്നതായും കണ്ടു, നഗരത്തിലെ  സായാഹ്നസൂര്യന്റെ രശ്മികൾ പോലും അപ്പോൾ ശരീരത്തിൽ ഒരു സൂചി പോലെ കുത്തി നോവിക്കുന്നതായി തോന്നി..  എൻ .എ .നസീർ എഴുതിയത് പോലെ "കാടനുഭവങ്ങൾ മനസ്സിലെ ഹരിതതാളുകളിൽ കുറിച്ചിട്ടാൽ ഒരു വേനലിലും അത് കരിഞ്ഞു പോകില്ല"

വാൽക്കഷ്ണം :ലോകം കണ്ട മികച്ച കവികളിൽ ഒരാളായ ഇക്ബാൽ അടിമകളെ കുറിച്ച് ഒരു കവിത എഴുതിയിട്ടുണ്ട് "ഈ ഭൂലോകത്ത് അതിമനോഹരമായത് എന്താണോ അതവർക്ക് കാണാൻ കഴിയുന്നില്ല ,അക്കാരണം കൊണ്ട് അവർ എക്കാലവും അടിമകളായി കഴിയുന്നു...





# ദുബായി

*രാജൻ അഴീക്കോടൻ*
*(1989 CE)*

തീക്കനലിലെരിയുന്ന
രാപ്പകലുകൾ.
നൂലിഴപോലൊഴുകുന്ന
വാഹനവ്യൂഹങ്ങൾ.

എരിതിരിയിൽ ജ്വലിക്കുന്ന
വേവലാതികൾ.
സ്നേഹിച്ചു വന്നെത്തിയ
ശ്രേഷ്ഠമാം വീഥികൾ.
കാണാമറയത്തു നിന്നെത്തിയ
ഗോപികാരൂപങ്ങൾ.


തിരക്കേറിടും ഓർമ്മതൻ
ദു:സ്വപ്നവീഥികൾ.
കാണാതെകാക്കുന്ന
പൊൻമക്കൾതൻ ചിന്തകൾ.
കൊടിക്കൂറ കണക്കെ
പാറിടുന്ന മോഹങ്ങൾ.

കരയാൻ മറന്ന മിഴികളിൽ
നിഴലിക്കുന്ന സ്മരണകൾ
മൗനനൊമ്പര കോമരങ്ങൾ
ആറാടിടുന്നെൻ മുന്നിൽ.

ജീവിച്ചിടുന്നു ജീവന
കലയെന്തന്നറിയാതെ.
കോലങ്ങളാടുന്നു
അനുഭൂതിയറിയാതെ.
അഭിലാഷ രൂപങ്ങൾ
ആകൃതി നെയ്യാതെ.
ഊടും പാവും നെയ്യുന്നു
നൊമ്പരക്കിനാക്കൾ.

എവിടെയോ നഷ്ടമായ
സ്വന്തം സ്വപ്നങ്ങൾ
മിഴികൾ തുറക്കാതെ
ഓർത്തിടാൻ ശ്രമിക്കുന്നു.
സ്വപ്നങ്ങൾ നരയുന്ന
ജീവിത ചഷകത്തിൽ
കൗമാര യൗവ്വന ശകലങ്ങൾ
തൂവിപ്പോയതറിഞ്ഞില്ല
വാർദ്ധക്യ ചിന്തകൾക്കിടയിൽ
തേടിടുന്നു ഞാൻ
മോഹരസം.





# Dear uncertainty!

***Danish Damodaran 2006***

Dear uncertainty,
There will be a better place you can rule,
not my mind.
I wish you realize it.
I wish to be certain of my days,
my moments and my life,
Stop behaving as if you own my mind.
My mind shall be mine, only mine!

I wish I could stop all world to live my life,
And let me be me, the person that I am,
And live my life the way I should.
Your rules, restrictions, and regulations,
Stop me from being me, doing what I need to.
Hope you realize it.

But wait, you," Uncertainty" is my own brain child.
Feeding on my inhibitions, my fears and everything negative.
May be I should let me be me!
And not blame you.
I apologize "UNCERTAINITY", for you are alive,
Inside my mind, as long as I want you to be.





# ഉമ്മ പറഞ്ഞ കഥ

*മുഹമ്മദ് അഷറഫ് 1991CE*

പള്ളിക്കാട്ടിലെ ഉയർന്ന നിൽക്കുന്ന പുല്ലിനെ വകഞ്ഞു മാറ്റിഅയാൾ മുന്നോട്ടു നടന്ന .സൂര്യൻ കിഴക്കു ഉദിച്ചുയരുന്നതേ ഉള്ളൂ...പുലർച്ചെ പുല്ലിൽ പെയ്തിറങ്ങിയ മഞ്ഞു കണങ്ങൾ അയാളുടെ കാലിൽ തണുപ്പും ,നനവും പടർത്തിക്കൊണ്ടിരുന്ന.

തലേ ദിവസം രാത്രി ഉമ്മയാണ് നിർബന്ധിച്ചത് . "എന്ത് തിരക്കായാലും രാവിലെ ഉപ്പയുടെ കബറിനടുത്ത് പോയിട്ട് പോയാൽ മതി.".

മുൻപ് ഉപ്പയുടെ കൈപിടിച്ച് പെരുന്നാളിന് പള്ളിയിലേക്ക് വരുമ്പോൾ ആ പള്ളിക്കാടിനെ ഭയമായിരുന്ന.മദ്രസയിൽ പറഞ്ഞു കേട്ട വെള്ളക്കുപ്പായമിട്ട ജിന്നുകൾ നിറഞ്ഞ പള്ളിക്കാട്!.

മീസാൻ കല്ലുകൾക്കിടയിൽ ചെറിയ മൺകൂനകൾ ആയി മാറിയ ഖബറുകൾ കടന്ന കൊണ്ട് ആ മയിലാഞ്ചിച്ചെടിയെ ലക്ഷ്യമാക്കി നടക്കുമ്പോൾ അയാൾ ഓർത്തു .. ഭയമില്ലാതെ ആ പള്ളിക്കാട്ടിലേക്കു വരാൻ തുടങ്ങിയിട്ട് വർഷം ഏഴാകുന്ന.ഉപ്പയെ കൊണ്ട് വന്ന കിടത്തിയ അന്നുമുതൽ ആണ് പള്ളിക്കാടിനോടുള്ള ഭയം അയാളിൽ നിന്നും വിട്ടു പോയത് .

അന്ന് അവസാനത്തെ പിടി മണ്ണ് വാരിയിട്ട് തിരിഞ്ഞു നടക്കുമ്പോഴാണ് കൂട്ടത്തിൽ ഒരാൾ ഒരു മയിലാഞ്ചിക്കൊമ്പ് കൊണ്ട് വന്നു ഉപ്പയുടെ ഖബറിന്റെ തലയുടെ ഭാഗത്ത് ഊന്നി വച്ചത്.

തലയ്ക്ക് അടുത്തുള്ള മീസാൻ കല്ലിനടുത്ത് കുഴിച്ചിട്ട മയിലാഞ്ചിച്ചെടി കിളിർത്താൽ ആൾ സ്വർഗത്തിൽ പോകുമത്രേ.!..

ബാല്യത്തിൽ മദ്രസ്സയിൽ ആരോ പറഞ്ഞു കേട്ട ആ കാൽപ്പനിക കഥ അയാളുടെ മനസ്സിൽ തങ്ങി നിന്നിരുന്നതിനാൽ ആണ്, ഉപ്പയെ അടക്കിയതിന്റെ മൂന്ന് നാലു ദിവസം കഴിഞ്ഞു വന്നു നോക്കിയത്. അത് കിളിർത്തു വന്നതു ഉമ്മയോട് പറഞ്ഞപ്പോൾ ഉമ്മയുടെ കണ്ണിൽ നിന്നും വീണ ഒരു തുള്ളി കണ്ണുനീർ സന്തോഷവും സങ്കടവും നിറഞ്ഞതായിരുന്നു .

ആ മയിലാഞ്ചിച്ചെടി ഇന്ന് വളർന്നു ദൂരെ നിന്നും കാണാവുന്ന വലിപ്പമായി.

പുതിയ ജോലിയിൽ ,പ്രൊമോഷൻ ആയി യാത്രയാകുകയാണയാൾ.തലേ ദിവസം രാത്രിയിൽ  കട്ടിലിൽ പോയിരുന്നപ്പോഴാണ് ഉമ്മ ആ പഴയ കഥകൾ ഓർമ്മിപ്പിച്ചത് .

ഉപ്പയുടെ കബറിന് അടുത്തെത്തി കൈ മുകളിലേക്ക്  ഉയർത്തി ദുആ ചെയ്യുമ്പോഴും അയാളുടെ മനസ്സിൽ ഉമ്മ പറഞ്ഞ കഥയിലെ രംഗങ്ങൾ കടന്നു പോയിക്കൊണ്ടിരുന്നു.

"ഉപ്പ നിനക്ക് ഒരു ജോലി കിട്ടാൻ എത്ര ആഗ്രഹിച്ചതാണ്..ഇതൊന്നും കാണാൻ ഉപ്പയില്ല എങ്കിലും നീ രാവിലെ പോകും മുൻപ് ഒന്ന് കബറിനടുത്ത് പോയി ദുആ ചെയ്യണം.."

ഉമ്മ തുടർന്ന് കൊണ്ടിരുന്നു....

"  നീ കോളേജിൽ പഠിക്കുമ്പോൾ ഒരിക്കൽ ഒരു സംഭവമുണ്ടായി...ഉപ്പ നിന്നോട് പറയരുത് എന്ന് എന്ന് പറഞ്ഞതാ..."

" നീ കോളേജ് ഹോസ്റ്റലിൽനിന്നു ഫീസിനും ബുക്കിനുമായി കത്തെഴുതിയില്ലേ? അന്ന് ഉപ്പാന്റെ കയ്യിൽ ഒന്നും ഉണ്ടായിരുന്നില്ല. അവസാനം എന്റെ കാതിലേത് ഊരി വാങ്ങി ബാങ്കിലേക്ക് പോയി.സ്വർണ്ണത്തിനു ലോൺ കൊടുക്കുന്നില്ല എന്നറിഞ്ഞു തിരിച്ചു വന്ന ഉപ്പ കുറച്ച് നേരം തളർന്നിരുന്നു .പിന്നെ ഒറ്റ പോക്കായിരുന്നു നീ അയച്ച കത്തുമായി ..തിരിച്ചു വന്നത് നിനക്ക് മണിയോർഡർ അയച്ചിട്ടാ."

തിരിച്ചു വന്ന ഉപ്പ പറഞ്ഞു .

"ഞാൻ നേരെ പോയി മാനേജരുടെ റൂമിലങ്ങു കയറി...മോൻ അയച്ച കത്ത് നേരെ അയാൾക്കങ്ങു കൊടുത്തു..

"എനിക്ക് കുറച്ച് പയിസ വേണം ..മോന് കോളേജിലെ ഫീസ് കൊടുക്കാനാ "..

അയാൾ ആ കത്തിലൂടെ ഒന്ന് കണ്ണോടിച്ചു...പിന്നെ ഒറ്റ ചോദ്യാ..

ഇങ്ങക്ക് എത്രയാ വേണ്ടത്?..

എനിക്കൊരു ആയിരത്തഞ്ഞൂറു ഉറുപ്യ വേണം...

അയാള് നേരെ എണീറ്റ് പോയി കാഷ്യറുടെ അടുത്ത് നിന്നും പയിസ എടുത്തോണ്ട് വന്നു തന്നിട്ട് പറഞ്ഞു .."ഇങ്ങള് പോയി പയിസ അയച്ചിട്ട് വാ..അപ്പോഴേക്കും ഞാൻ ലോണിന്റെ പേപ്പർ ശെരിയാക്കാം..."

ഞാൻ തിരിച്ചു വന്നപ്പോൾ ആ മാനേജര് പേപ്പർ എല്ലാം ശെരിയാക്കി എന്നെ വിളിച്ച് ഒപ്പിടീച്ചു .

"...കണ്ടാൽ അറിയാം അയാള് ഈ നാട്ടുകാരനുമല്ല......എന്നിട്ടും ഒരു ഉപകാരത്തിനു അയാളേ ഉണ്ടായുള്ളൂ..."


ഉമ്മ തുടർന്ന് കൊണ്ടിരുന്നു ...

"അങ്ങനെയും ഉണ്ട് ചില ആൾക്കാർ ...നമ്മുടെ ജാതിയും,മതവും നാട്ടുകാരനും ബന്ധുവും ഒന്നും ആയിരിക്കില്ല...നമ്മളെ അവർക്കു അറിയുക പോലുമുണ്ടാകില്ല... എന്നാലുംചിലപ്പോൾ നമ്മള് വീണു പോകുമ്പോൾ പിടിച്ച് എണീപ്പിക്കും" .

കബറിടത്തിൽ നിന്നും തിരിഞ്ഞു നടക്കും മുൻപേ അയാൾ ഒരു ഫാതിഹ കൂടെ ഓതി . തളർന്നു പോയ ഉപ്പയെ കൈ പിടിച്ച് സഹായിച്ച ആ ബാങ്ക് മാനേജർക്ക് വേണ്ടി വീണ്ടും കൈകൾ ആകാശത്തേക്ക് ഉയർത്തി....

തന്റെ ജീവിതവഴിയിലെ മുള്ളേറ്റ മുറിവിൽ ഒരു കമ്മ്യൂണിസ്റ്റ് പച്ച പറിച്ച് തേച്ച് തന്ന അജ്ഞാതനായ ആ നല്ല മനുഷ്യന് വേണ്ടിയുള്ള ആ പ്രാർത്ഥന കഴിയുമ്പോഴേക്കും ഉപ്പയുടെ കബറിടത്തിലെ മയിലാഞ്ചിച്ചെടിയിൽ ഒരു കൂട്ടം ചിത്ര ശലഭങ്ങൾ നിറഞ്ഞിരുന്നു !!





# A note from color on the day of Holi

*Ajith Prasad -1991 EEE*

Lit by the candle
Stood the color
Showing itself
To those who could see
The spectrum
It belonged to

Lit by the moon
It stood
Showing a different shade
Helpless
To the editing light

Lit by the sun
It stood
Idealised

As the perfect
Imprisoned in
'ought to be'


Lit by emotions
It danced for meanings
Purposes
Perceptions
Judgements

The color i am
Is my celebration
Join me
For the color you are

That is my language
Of love
Of celebration"







*Above : Fiction and fact*
*Below: Knots and Presence*

# GALLERY






***Picture by Gokul***
***Son of Madhu S 1989***

# 'ഒലക്ക വീണ് ചത്ത കോയീന്റെ ചാറ് '



# അഥവാ ഹലാൽ സിനിമ

*എ. ഒമർ ഷെറിഫ് 1991 EEE*

കവി അക്കിത്തത്തിന്റെ വിയോഗത്തിൽ അനുശോചിച്ചവരും അല്ലാത്തവരും എന്ന് മലയാള സാംസ്കാരികചരിത്രം രണ്ടായി പിരിയാൻ നിൽക്കുന്ന ചരിത്രസന്ധിയിലാണ് സക്കരിയയുടെ 'ഹലാൽ ലൗ സ്റ്റോറി' സിനിമ റിലീസ് ആവുന്നത്. ആവശ്യത്തിലധികം ദാർശനിക പ്രതിസന്ധികളിലൂടെ ദിനേനെ കടന്നുപോയിക്കൊണ്ടിരിക്കുന്ന മലയാളി രാഷ്ട്രീയസാംസ്കാരികജീവിതത്തിന് ചില്ലറ വെല്ലുവിളികളല്ല ഇത് ഉണ്ടാക്കിയിരിക്കുന്നത്...


മതദേശീയതയിലധിഷ്ഠിതമായ ഫാസിസം അക്രമാസക്തമായി രാജ്യത്തെ കയ്യടക്കുന്ന ഒരു നിർണായക ഘട്ടത്തിൽ അതിന്റെ സാംസ്കാരിക സംഘടനയുമായി ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ച ഒരാളെ അദ്ദേഹത്തിന്റെ 'പൂർവ്വാശ്രമ കവിതകൾ' ഉരുവിട്ട് ആദരവുകൾ ചൊരിയുന്നതിൽ പൊതുവെ സൂക്ഷ്മദൃക്കുകളും കണിശക്കാരുമായ പല ഇടതുപക്ഷക്കാരും തിരക്കുകൂട്ടുന്നതെന്ത് എന്ന് മനസ്സിലാവുന്നേയില്ല. അതേ സമയം, 'ഹലാൽ സിനിമയെ' മിക്കവാറും നിലം തൊടീക്കാതെ വിമർശനം ചൊരിയുന്നതിലും അവർ മുൻപന്തിയിൽ ഉണ്ട്...!




ഏതായാലും ഹലാൽ സിനിമയെക്കുറിച്ച് പറയും മുൻപ് അല്പം ചരിത്രം അയവിറക്കാനുണ്ട് - പത്തിരുപത് വർഷം മുൻപ് ഇതിന്റെ ആദി രൂപം നേരിട്ട് കാണാനുള്ള 'ഭാഗ്യം' സിദ്ധിച്ച ഒരാൾ എന്ന നിലക്ക്. മലപ്പുറത്ത് രശ്മി ഫിലിം സൊസൈറ്റിയുടെ

ഫിലിം ഫെസ്റ്റിവൽ നടക്കുന്നു, 1997 ലോ മറ്റോ ആണ്. ഏതാനും ഇറാൻ സിനിമ കൾ അതിൽ പ്രദർശിപ്പിച്ചിരുന്നു. സിനി മാ പ്രദർശനത്തിനു ശേഷം നടന്ന ചർച്ച യിൽ, സാധാരണ ഫെസ്റ്റിവൽ ജീവിക ളിൽ നിന്നും 'ബുജി'കളിൽ നിന്നും നോക്കിലും വാക്കിലും വ്യത്യസ്തരായ ചില യുവാക്കൾ അല്പം അമിതാവേശത്തോടെ ആ ചർച്ചയിൽ പങ്കെടുക്കുന്നത് കണ്ടു. മിക്ക വർക്കും അതൊരു അത്ഭുതമായി. അവർ തങ്ങളുടെ രാഷ്ട്രീയ/സംഘടനാ ബന്ധം ആദ്യമേ വ്യക്തമാക്കിയ ശേഷമാണ് ആ ചർച്ചയിൽ ഇടപെട്ടത് എന്നാണ് എന്റെ ഓർമ്മ. ഇറാൻ സിനിമകളെ വാനോളം പുകഴ്ത്തി, അതാണ് ഇന്ത്യൻ സിനിമ പിന്തുടരേ ണ്ട രീതി എന്ന മട്ടിലായി അവരുടെ വാദങ്ങൾ. “ഇന്ത്യൻ സിനിമയുടെ മോചനം ഇറാനിലൂടെ!” എന്നോ “വഴിതെറ്റിയ ഇന്ത്യൻ സിനിമയെ വഴി കാട്ടാൻ ഇറാൻ!” എന്നോ ഒക്കെ പരിചിതമായ സ്ലോഗനുകളിലേക്ക് നമുക്കത് എളുപ്പത്തിൽ ഡബ്ബ് ചെയ്യാം. പക്ഷെ, തമാശ അതൊന്നുമല്ല. മറ്റുള്ളവരിൽ നിന്ന് അഭിപ്രായങ്ങളും ചോദ്യ ങ്ങളും വന്നു... എന്തുകൊണ്ട് നിങ്ങൾ ഇറാനിയൻ സിനിമകളെ നിരുപാധികം അംഗീ കരിക്കുന്നു എന്ന് വ്യക്തമാക്കണം എന്ന്. അതിന്റെ വിശദീകരണം കേട്ട് നമ്മൾ സിരിച്ച് ഒരു വഴിക്കായി എന്ന് പറഞ്ഞാൽ മതിയല്ലോ. "സ്ത്രീകൾ മുൻ കയ്യും മുഖവും മാത്രം പുറത്ത് കാണിക്കുന്ന വസ്ത്രങ്ങൾ ധരിക്കുന്നു... സ്ത്രീ പുരുഷന്മാർ തമ്മിൽ കെട്ടിപ്പിടിക്കുകയോ ചുംബിക്കുകയോ ചെയ്യുന്ന ഒരു രംഗം പോലും ആ സിനിമകളിൽ






ഇല്ല....." എന്നൊക്കെയായിരുന്നു അവർ നിരത്തിയ വാദങ്ങൾ. കാൽ നൂറ്റാണ്ടു മുൻപത്തെ കേരളമാണ്. ഇത്രയൊന്നും തുറന്ന സമൂഹമായിട്ടില്ല നമ്മൾ. എങ്കിലും ആ 'ഹലാൽ സിനിമാ' വാദത്തിനു കണക്കിനു മറുപടി കൊടുക്കാൻ അവിടെ ധാരാളം പേരുണ്ടായിരുന്നു. പിന്നീട് ആ ഹലാൽ സിനിമാവാദക്കാരെ അവിടെയൊന്നും കണ്ട ഓർമ്മയില്ല

സിനിമയുടെ 'വിദ്യ' അറിയുന്ന സംവിധായകനാണ് സക്കരിയ. അയഥാർത്ഥമായ തോതിലുള്ള 'ഗ്രാമീണനന്മ'യുടെ ചെടിപ്പ് മാറ്റി നിർത്തിയാൽ നല്ല സിനിമ ആയിരുന്നു 'സുഡാനി ഫ്രം നൈജീരിയ' എന്ന് തന്നെയാണ് അഭിപ്രായം. കാൽപ്പന്ത് കളിയുടെ പശ്ചാത്തലത്തിൽ കുറച്ചുകൂടി തുറന്ന ഒരു ഇടത്തിൽ പ്ലേസ് ചെയ്യപ്പെട്ട സിനിമ ആയിരുന്നു അത്. മലബാറിന്റെ ആവേശമായ സെവൻസ് ഫുട്ബാളിനെ, രാജ്യാതിർത്തികൾ കടന്ന് പോകാനും അവിടങ്ങളിലെ മനുഷ്യ ജീവിതത്തിന്റെ ദൈന്യതകളിലേക്ക് ബന്ധിപ്പിക്കാനും കഴിഞ്ഞ സിനിമാ രംഗത്തെ ഒരു തുടക്കക്കാരന്റെ ബ്രില്ല്യൻസിനെ കാണാതിരിക്കാനാവില്ല. ആ സിനിമയുടെ ഉള്ളടക്കത്തിൽ പ്രത്യേക പരാമർശവിഷയമായില്ലെങ്കിലും ഒരു 'ജമാ അത്ത്കാരന്റെ സിനിമ' എന്ന നിലക്ക് മാത്രം പലരും അതിനെ സംശയത്തോടെയാണ് നോക്കിക്കണ്ടത്.

'സുഡാനി'യിൽ നിന്ന് 'ഹലാൽ ലൗ സ്റ്റോറി'യിൽ എത്തുമ്പോൾ സിനിമയുടെ പരിസരം കുറച്ചുകൂടി പരിമിതപ്പെടുത്തിയതാണ് - മലബാറിലെ മുസ്ലിങ്ങളുടെ ഇടയിൽ തുച്ഛമായ സ്വാധീനം മാത്രമുള്ള ജമാ അത്തെ ഇസ്ലാമി എന്ന പ്രസ്ഥാനത്തിന്റെ ഉത്സാഹികളായ ഏതാനും പ്രവർത്തകരിലും ചില 'പ്രാസ്ഥാനിക കുടുംബങ്ങളിലേക്കും' (വിവാഹ പരസ്യങ്ങളിൽ പലർക്കും മനസ്സിലാവാത്ത ഒരു പ്രയോഗം) അത് ചുരുങ്ങി. ഇല്ലായ്മകൾക്കിടയിലും വേണ്ടത്ര ഉത്തരവാദിത്തബോധമില്ലാതെ കാൽപ്പന്ത് കളിയുടെ ഭ്രാന്തുമായി അലയുന്ന സുഡാനിയിലെ മജീദ്-ന്റെ സ്ഥാനത്ത് സമ്പന്നനും




ദീനിയും കാര്യബോധവും ഉള്ള മാതൃകാ കുടുംബനാഥനാണ് ഹലാൽ സിനിമയിലെ ശെരീഫ്. 'ഹറാമായ' സിനിമയുടെ തട്ടകത്തിലേക്ക് കാലെടുത്ത് വെക്കാൻ ശ്രമിക്കുന്ന ഉത്സാഹികളും ശുഭാപ്തിവിശ്വാസക്കാരുമായ പ്രസ്ഥാനത്തിന്റെ ചില പ്രവർത്തകർ നേരിടുന്ന വെല്ലുവിളികളാണ് സിനിമയുടെ പ്രധാന പ്രമേയം. താൻ കൂടി ഭാഗമായ പ്രസ്ഥാനത്തിന്റെ (സംഘടനാപരമായും വ്യക്തികൾ എന്ന നിലക്കും) ഭാഗത്തുനിന്നു നേരിടുന്ന വെല്ലുവിളികളെ ആക്ഷേപഹാസ്യരൂപത്തിൽ അവതരിപ്പിക്കുകയാണ് സംവിധായകൻ. 2020 ആകുമ്പോഴേക്കും സിനിമ തത്വത്തിൽ 'ഹറാം' അല്ല എന്ന നിലയിലേക്ക് പൊതുവെ പ്രസ്ഥാനം എത്തിയിട്ടുണ്ട്. പക്ഷെ, അതിന്റെ പ്രോസസ് 'ഹലാൽ' ആയ മാർഗ്ഗത്തിലൂടെയാണ് എന്ന് ഉറപ്പുവരുത്താനാണ് ബേജാറ്. സിനിമ എന്ന കലയോടുള്ള ആഭിമുഖ്യം അല്ല അവരെ സിനിമ എടുക്കാൻ പ്രേരിപ്പിക്കുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കണം. പ്രചാരണം തന്നെയാണ് ഉദ്ദേശ്യം.

സിനിമാനിർമ്മാണപ്രക്രിയയിലെ ഈ ഹലാൽ-ഹറാം തിരിക്കലിനെ സക്കരിയ പരിഹസിക്കുന്നത് സൗമ്യമായ കരുതലോടെ ആണെങ്കിലും ആ ഉദ്ദേശത്തെ ഞാൻ സംശയിക്കുന്നില്ല. മാത്രമല്ല, സമൂഹത്തിലും സമുദായത്തിലും തങ്ങളുടെ 'പുരോഗമന മുഖം' പ്രദർശിപ്പിക്കാനും സ്ഥാപിക്കാനും കിണഞ്ഞു ശ്രമിക്കുന്ന ജമാ അത്തിനെ മർമ്മത്തിൽ കുത്തുന്ന രംഗമാണ് മുഖ്യധാരാസംവിധായകനെ കൊണ്ടുവരാൻ നിർദ്ദേശിക്കുന്ന കമ്മിറ്റി ചർച്ചാ രംഗം. 'മുഖ്യധാരാ സംവിധായകൻ' എന്ന് പറയുമ്പോൾ മുസ്ലിം പേര് അല്ലാത്ത ഒരാളെ വേണം എന്നാണ് വ്യംഗ്യം. അത് പറയാതെ പറയേണ്ടി വരുന്ന കമ്മിറ്റി അംഗത്തിന്റെ ബുദ്ധിമുട്ട് ചില്ലറയല്ല. ജമാ അത്തിന്റെ പാർട്ടി രൂപമായ വെൽഫയർ പാർട്ടിയിൽ ഇത്തരം 'മുഖ്യധാരാ മുഖങ്ങളെ' കൊണ്ടുവന്നതും പിന്നീടുണ്ടായ പൊല്ലാപ്പുകളും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണല്ലോ.





സക്കരിയ സിനിമയിലെ ഹലാലും ഹറാമും തിരിക്കാൻ ശ്രമിക്കുന്ന അപകടകരമായ കർമ്മത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന തരത്തിൽ പലരും ഉയർത്തുന്ന മുന്നറിയിപ്പുകൾ തെറ്റായ വായന ആയിട്ടാണ് ഞാൻ കാണുന്നത്. പകരം, അതിന്റെ മറ്റുചില ഘടകങ്ങളിലാണ് എന്റെ ആകാംക്ഷകൾ. ഒന്നാമതായി വളരെ ചുരുങ്ങിയ അതിന്റെ പരിസരം. ജമാ അത്തിന്റെ സംഘടനാ - കുടുംബ പരിസരത്തു ഒരു സിനിമ ഉണ്ടാകുന്നതിൽ എനിക്ക് ഒട്ടും ബേജാറില്ല എന്ന് പ്രത്യേകം പറയട്ടെ. അതെല്ലാം ഒരു കലാസൃഷ്ടിയുടെ അസംസ്കൃതവസ്തുക്കൾ ആയി മാത്രമേ കാണുന്നുള്ളൂ. അല്ലെങ്കിൽ നാസി ക്യാമ്പിൽ വെച്ച് ഒരിക്കലും മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കുന്ന സിനിമ ഉണ്ടാക്കാൻ പറ്റില്ല എന്ന് പറയേണ്ടി വരും. അങ്ങനെ അല്ലല്ലോ കാര്യങ്ങൾ. കുറുവടി വീശി കസർത്ത് നടത്തുന്ന ശാഖ-യുടെ പരിസരത്തും ബ്രില്ല്യൻസ് ഉണ്ടെങ്കിൽ ഒരാൾക്ക് നല്ല സിനിമ ചെയ്യാം. ഇവിടെ പ്രശ്നം ആ പരിസരത്തെ സക്കരിയ എങ്ങനെ ഷോകേസ് ചെയ്യുന്നു എന്നതാണ്. ഏറനാടൻ മാപ്പിളജീവിതനന്മയെ പൊതുവായി ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച സുഡാനിയിൽ നിന്ന് ഹലാൽ സിനിമയിൽ എത്തുമ്പോൾ അത് പ്രസ്ഥാനത്തിനും അതിന്റെ അനുയായികൾക്കും അതിന്റെ സംഘടനാ സംവിധാനത്തിനും മാത്രമായി പരിമിത പ്പെടുത്തിയിരിക്കുന്നു. വളരെ പക്വവും സ്വാഭാവികവും ആയ ഒന്നാണ് എന്ന രൂപത്തി ലാണ് പ്രസ്ഥാനത്തിന്റെ പല തലത്തിലുള്ള സംഘടനാ രൂപങ്ങളും കുടുംബവും തമ്മിലുള്ള ബന്ധം. ഏത് പ്രശ്നവും പുഷ്പം പോലെ പരിഹരിക്കാൻ പ്രസ്ഥാനത്തിനു കഴിയുന്നുണ്ട്. കുടുംബാംഗങ്ങൾ സംഘടനയുടെ നിർദ്ദേശങ്ങൾ കൃത്യമായി

അനുസരിക്കുന്നുണ്ട്.... അവരുടെ കാര്യങ്ങളിൽ സൂക്ഷ്മമായി പ്രസ്ഥാനം ഇടപെടുന്നുമുണ്ട്. അങ്ങനെ വളരെ ഗ്ലോറിഫൈഡ് ആയ ഒരു പ്രാസ്ഥാനികജീവിതത്തെ സക്കരിയ ഈ സിനിമയിൽ ഷോക്കേസ് ചെയ്യുന്നുണ്ട്. പക്ഷെ, നമുക്കറിയാം... മതശാസനകളുടെ അദൃശ്യമായ ഒരു കനത്ത ഫ്രേമിനകത്ത് സൃഷ്ടിച്ചെടുത്ത ഒരു അക്വേറിയസമൂഹമാണ് അതെന്ന്. അതിന്റെ മുഖ്യധാരാജീവിതം കണ്ണാടിഭിത്തിയിലെ അഴുക്കുകൾ കണ്ണിൽപ്പെടും വരെ ഉള്ള വെറും ഇല്ല്യൂഷൻ മാത്രമാണെന്ന്...



*സക്കരിയ*

KL10, സുഡാനി എന്നീ സിനിമകളുടെ ശ്രേണിയിൽപ്പെടുത്തി ആണല്ലോ ഹലാൽ ലൗ സ്റ്റോറിയെ എണ്ണുന്നത്. മലപ്പുറം ഏറിയാൽ കോഴിക്കോട്...അതിൽ ഒതുങ്ങും.... ഭാഷയിൽ വലിയ അന്തരമില്ലാത്ത അയൽക്കാരായ പാലക്കാട്, തൃശ്ശൂർ ജില്ലക്കാർക്ക് പോലും മിക്കവാറും ഉൾക്കൊള്ളാൻ ബുദ്ധിമുട്ടാണ് ഈ ശ്രേണിയിലെ മൂന്ന് സിനിമകളും എന്നാണ് മനസ്സിലാക്കിയത്. ഇക്കാര്യത്തിൽ കുറച്ചെങ്കിലും അതിരുകൾ ഭേദിച്ചത് സക്കരിയയുടെ ആദ്യ ചിത്രമായ സുഡാനി ആയിരുന്നെങ്കിലും രണ്ടാമത്തെ സിനിമയായ 'ഹലാൽ ലൗ സ്റ്റോറിയിൽ' എത്തുമ്പോൾ കാര്യങ്ങൾ വീണ്ടും കുഴയുകതന്നെയാണ്. സബ് ടൈറ്റിലില്ലാതെ തമിഴ് സിനിമയും തെലുങ്കു സിനിമയും (ചിലപ്പോൾ കൊറിയൻ സിനിമ വരെ!) ആസ്വദിക്കുന്ന മലയാളി എന്തുകൊണ്ടാണ് ഈ ജീവിത പരിസരത്തേയും വാമൊഴിയേയും വിവർത്തനം ചെയ്യാൻ മിനക്കെടാതിരിക്കുന്നത്? ഹിസ് ഹൈനസ് അബ്ദുള്ള-യിലെ "മാണ്ട" എന്ന വാക്കിനപ്പുറം പുതിയ ഏറനാടൻ വാക്കുകൾ ഒന്നും പഠിക്കില്ല എന്ന് ശഠിക്കുന്നത്? ഒരു കലാസൃഷ്ടി, അത് രൂപംകൊണ്ട പരിസരത്തിന്റെ ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ അതിരുകൾ ലംഘിച്ച് മറ്റുള്ളവരിലേക്ക് എത്തുന്നില്ലെങ്കിൽ അത് ആ സൃഷ്ടിയുടെ പരിമിതി ആണെന്ന് വേണമെങ്കിൽ നമുക്ക് ഉപസംഹരിക്കാം. പക്ഷെ, അതിനപ്പുറം അതിന്റെ കാരണങ്ങൾ തിരയേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം...


പൊതുവായി കലയിലെ ഹലാലും ഹറാമും തിരിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ യേശുക്രിസ്തുവിന്റെ വാക്കുകളാണ് ഓർമ്മ വരുന്നത് : "നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ!" എന്ന് പറഞ്ഞ പോലെ... നിങ്ങളിൽ സെൻസർ ചെയ്യാ

ത്തവർ കല്ലെറിയട്ടെ! കാലാകാലങ്ങളിൽ ദേശങ്ങളിൽ കലയിലെ അരുതുകളും അരുതായ്മകളും ഉന്നയിക്കാത്ത ഏത് പ്രസ്ഥാനങ്ങളാണ് ഉള്ളത് - കവിതയോ, നോവലോ, സിനിമയോ അത് ഏത് രൂപത്തിലായാലും? ഒ.വി.വിജയന്റെ എഴുത്തുകളിലെ ലൈംഗിക പരാമർശങ്ങൾ എങ്ങനെയാണ് പുരോഗമനവാദികൾ സ്വീകരിച്ചത്..? ആരാണ് പരിധികളില്ലാത്ത ആവിഷ്കാര സ്വാതന്ത്ര്യത്തിനു വേണ്ടി നിലകൊണ്ടിട്ടുള്ളത്...? ഒരു സ്വതന്ത്ര മതേതര റിപ്പബ്ലിക്കായ നമ്മുടെ രാജ്യത്തെ സർക്കാർ വക സിനിമാ സെൻസർഷിപ്പ് നിയമങ്ങളുടെ അവസ്ഥ എന്താണ്? എത്ര സിനിമാ പ്രേമികൾ അതിൽ ആകുലരാണ്? നമുക്കെന്താണ് അതിന്റെ കാലഹരണപ്പെട്ട സമീപനങ്ങളിൽ അപകർഷത തോന്നാത്തത്... ? "യാഥാസ്ഥിതികത" എന്ന ആരോപണം എളുപ്പത്തിൽ മറ്റ് ആരുടെയെങ്കിലും പിരടിക്ക് വെച്ചല്ലേ നമ്മൾ പുരോഗമനവാദികളായി ഞെളിഞ്ഞ് നിൽക്കുന്നത്...? ഒരു ആത്മപരിശോധന ഒന്നുകൊണ്ടും വെറുതെയാവില്ല...


'ഹലാൽ സിനിമ'യെക്കുറിച്ച് ഈ കുറിപ്പ് എന്തെങ്കിലും തീർപ്പ് കൽപ്പിക്കാൻ ശ്രമിക്കുകയല്ല... അതിന്റെ വിവിധ വശങ്ങൾ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചു എന്ന് മാത്രം. പതിറ്റാണ്ടുകളായി മലബാറിൽ പ്രചാരത്തിലുള്ള ഭക്ഷണപ്രിയനായ ആ മൊയല്യാരുടെ കഥ കൂടി ഇതിനൊട് ചേർത്ത് വെക്കാം:



പത്തിരിയും കോഴിക്കറിയും കഴിക്കാനായി കൊതിയോടെ കാത്തിരിക്കുന്ന മോല്യാരോട് വീട്ടിലെ തല തിരിഞ്ഞ പയ്യൻ ഞെട്ടിക്കുന്ന ഒരു സത്യം വെളിപ്പെടുത്തുകയാണ്, "ഉസ്താദേ... അത് ഒലക്ക വീണ് ചത്ത കോയി ആണ്...!". പയ്യന്റെ ആ കടുംകൈ പ്രയോഗത്തിൽ വീട് മുഴുവൻ സ്തബ്ധമായി... ഭക്ഷണം വിളമ്പേണ്ട നേരം വൈകി മോല്യാരു വിശന്നിരിക്കുന്ന നേരത്താണ് പയ്യന്റെ ഈ ചെയ്ത്ത് !എന്തു ചെയ്യും...? ഇനിയും കാത്തിരിക്കാൻ വയ്യ എന്ന് മോല്യാർക്കും ഉറപ്പായിരുന്നു. ദയനീയമായ കുറ്റബോധത്തോടെ തന്നെ നോക്കി നിൽക്കുന്ന വീട്ടിലെ വല്ല്യുമ്മാനെ നോക്കി ലവലേശം പതർച്ച ഇല്ലാതെ, വയളു പറയുന്ന ഈണത്തിൽ മോല്യാരു പറഞ്ഞു, "ഒലക്ക വീണ് ചത്ത കോയീന്റെ ചാറു കൂട്ടാം... കസണം കൂട്ടാൻ പറ്റില്ലാ....ആ....!"







# THE GIFT

*Neeraj Giri*

I spent my summer vacations with Grandpa, at his place, just blocks away down the road from my house. I could say he and Grandma really looked forward to these days, as they would send the errand boy to fetch for my favourite jaggery chips prior to me arriving. Grandma was quite robust for her age, baking, volunteering or doing something or the other but never still. But for Grandpa the days were starting to get blurrier since the Alzheimer's crept in three years ago.

It was Grandma's birthday. I discretely reminded him of it, while he was inspecting the pods of the tamarind tree in the lawn. For a moment he stood there motionless, but then took my hand asking me to escort him to his room. Grandma was busy preparing the lip-smacking tamarind chutney for me, the taste of which only she could get it right, and was invariably ready before lunchtime. It was one of those things she did to pamper my already plump self.

Grandpa closed the door behind us impatiently opening his almirah. There in a box full of his old army emblems which Grandma never touched, lay an old pendant, supposedly silver once, now brazen and camouflaged in dust, but still elegant in its entirety. Wiping the exterior with his quivery



fingers his eyes lit up as he smiled, remembering Grandma, who knew how much he valued this, like a souvenir. But over the years he's forgotten about the day he was gifted this and the person even who gave it to him.
Probably it was on the retirement day, when his favourite batch of trainees had arranged a beautiful event. Or maybe during the time when he'd received the Medal of Honour. Or so he believed to be true as this lay gathering dust among his other army accomplishments. He was too shy to ask her, and never asked, to escape her mocking, for forgetting about this obsession of his. He felt there was no better moment or occasion than this, to hand this over to her, as a gift.
It was ready, dusted and cleaned with his own hands, allowing me only to help with the wrapping. I didn't get to think of options there as well as he returned with a handful of his old brown envelopes. The same ones in which she used to receive his letters from the border. He simply slid the pendant inside folding the envelope.
Smiling, he said "We'll give it before lunch. Now off you go, help Grandma, she'll be looking for you. I need to rest for a while."
I watched him recline in his favourite chair resting his diary on the chest, zoning out into a state of bliss.
The arrival of noon was pretty much dictated as I would sit by the porch observing the illusions of wavering images created by the heat bouncing off the street. The scorching humid afternoon had this deadly silence, the trees standing still as if too hot to move. One could only hear the cicadas and their soulful melodies.
Proudly marching up to her he held her delicately, gleefully asking me to hand over the envelope. With hopeful expressions in our eyes, we waited for her to unwrap the gift. Smiling wide, she tore the end of the paper. Figuring out that it was something like a bracelet she emptied the packet into her palm. Before

even she could react, Grandpa proudly started singing for her, he asked her to read a letter which he had folded and kept inside.

"I can finally let this go; you know how much it means to me. It still does, but not as much as you. I know it's like handing over someone else's gift but please accept this. It just purely harbours my feelings of love, because I've forgotten every other memory related to it or when it was gifted to me.

Happy Birthday to you Kavu. With love, yours."

Grandma folded the letter, looking away for a moment, I could see her eyes which had begun to glimmer with tears now tracing down her wrinkled smile, as she held Grandpa, looking into his eyes as if searching for something. Then, hugging us both said that she loved it a bit too much.

Later Grandpa went off to lie down for his afternoon nap as I hurried to the kitchen to taste the tamarind chutney, now it's aroma really beckoning me. The taste was flawless, taking a spoonful I tapped it on my palm, enjoying it. Then went on to giggle and asked, "Grandma who had gifted this to Grandpa?? He's shy to ask you! ", I said smiling wider as my mouth just kept watering for more of this tamarind.

She said, "The name was etched on it when it was gifted. Maybe your grandpa can't read it now child."


Rushing to satisfy my curiosity, I took the pendant and started surveying it. In my impatience I couldn't see anything written. Although there was a symbol, on the backside of it, which had amassed rust. Grandpa couldn't be blamed as it was actually not so noticeable, but I don't think he remembers much too.


Taking his old polishing brush, I scrubbed to decipher some outlines at least. I could read now. Straining my eyes, I read through the brown stains of time, it said,



"With love, Kavu".

# CARTOONS






***Cartoon by Sandeep Ravindranath 2005***

# GALLERY






***Pencil sketch by Karthik Menon***
***2004 IC***

With Best wishes to All Darsana Family Members


## THE EYE
EDITORIAL TEAM

*Chief Editor: Shiju Paul.N (1989)*

*Dr. Sreenadhan S (1982), Niranjan.T.G (1989), Rafique Zechariah (1990),*
*Muhammed Anjel (2014), Lakshmi (2009), Maneesha (2010), Shameena Omar (1991)*
*Nisha Sukesh (1996), Arjun (2010), Omar Sherif (1991), Hrishikesh (2012)*
*Santhosh Koroth (1988), Shafeekh Rahiman (2006), Dileep (2012)*

*Co-ordinators: Mohammed Sameer (2007), Ajmal (2010), Aswath (2011), Vishnu.V.P (2011)*